# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കേളകം ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2019-2020


കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001

ഇ-മെയിൽ: doknr.ksad@kerala.gov.in

ഫോൺ : 0497-2707698

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.കെ.എൻ.ആർ.സി.11.436/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001
തീയ്യതി: 26/05/2021
ഇ-മെയിൽ: doknr.ksad@kerala.gov.in
ഫോൺ: 0497-2707698

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കേളകം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കേളകം ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കേളകം ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. (ഖണ്ഡിക നം. 1-12,1-14,1--16 പ്രത്യേകം ശ്രദ്ധിക്കുക). ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.കെ.എൻ.ആർ.സി.11.436/2021 തീയ്യതി: 26/05/2021

## കണ്ണൂർ ജില്ലയിലെ കേളകം ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കണ്ണൂർ ജില്ലയിലെ കേളകം ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 12-02-2020 മുതൽ 21-03-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 24 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 16 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| എം.പി.ശശികുമാർ | ഡെപ്യൂട്ടി ഡയറക്ടർ | 22-03-2021 | 30-03-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 22-03-2021 | 30-03-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ ബാബുരാജ് എം -ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ)

ശ്രീ. ആൽബർട്ട് ജോസ് - സീനിയർ ഗ്രേഡ്ഓഡിറ്റർ

ശ്രീമതി. വിപിന വത്സരാജ് - സീനിയർ ഗ്രേഡ്ഓഡിറ്റർ

ശ്രീമതി.രാജിമ എ സി - സീനിയർ ഗ്രേഡ്ഓഡിറ്റർ

ശ്രീ. മനോഹരൻ എ വി - സീനിയർ ഗ്രേഡ്ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| മൈഥിലി രമണൻ | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| വിനോദ്.പി.ഇ | സെക്രട്ടറി | 01-04-2019 | 31-03-2020 |

നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| യോഷ്വാ.എം.സി | അസി. സെക്രട്ടറി | 01-04-2019 | 31-03-2020 |
| വരുൺ.കെ.വി | അസി.എഞ്ചിനീയർ | 01-04-2019 | 23-07-2019 |
| ഭാഗിരഥി | അസി.എഞ്ചിനീയർ | 24-07-2019 | 31-03-2020 |
| ജെക്കബ് ഷിമോൻ | കൃഷി ഓഫീസർ | 01-04-2019 | 31-03-2020 |
| സങ്കേത് | വി.ഇ.ഒ | 01-04-2019 | 31-03-2020 |
| ഷബ്ന.കെ | മെഡിക്കൽ ഓഫീസർ പി.എച്ച്.സി | 01-04-2019 | 30-04-2019 |
| സുബിത്.കെ | മെഡിക്കൽ ഓഫീസർ പി.എച്ച്.സി | 01-05-2019 | 31-03-2020 |
| ദിവ്യ ഗോപി | മെഡിക്കൽ ഓഫീസർ GAD | 01-04-2019 | 31-03-2020 |
| ഷാഹുൽ ഹമീദ് | മെഡിക്കൽ ഓഫീസർ(ഹോമിയോ) | 01-04-2019 | 30-09-2019 |
| ഡോ.പ്രിയ | മെഡിക്കൽ ഓഫീസർ(ഹോമിയോ | 01-10-2019 | 31-12-2019 |
| ഡോ.രാജീവ് നായർ | മെഡിക്കൽ ഓഫീസർ(ഹോമിയോ | 01-01-2020 | 31-03-2020 |
| ഗീതാ കുമാരി | വെറ്റിനറി സർജൻ | 01-04-2019 | 31-03-2020 |
| ഗീതാ കുമാരി | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2019 | 31-03-2020 |

| | | | |
|---|---|---|---|
| മണി.പി.കെ | ഹെഡ് മാസ്റ്റർ | 01-04-2019 | 31-03-2020 |

ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Baburaj (Audit Officer, On 03-04-2021)<br>Last Updated By: Pramod (Audit Officer, On 20-05-2021) | 1-1 |
| 2 | ബജറ്റ്-തയ്യാറാക്കിയതിലെ അപാകതകൾ<br>Written By: Baburaj (Audit Officer, On 03-04-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 20-05-2021) | 1-1-1 |
| 3 | വാർഷിക ധനകാര്യപത്രിക<br>Written By: Baburaj (Audit Officer, On 07-04-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 20-05-2021) | 1-2 |
| 4 | സാമ്പത്തിക വിശകലനം<br>Written By: Baburaj (Audit Officer, On 04-04-2021)<br>Last Updated By: Baburaj (Audit Officer, On 04-04-2021) | 1-3 |
| 5 | ഫണ്ട് വിനിയോഗം<br>Written By: Baburaj (Audit Officer, On 08-04-2021)<br>Last Updated By: C R Beenakumary (Deputy Director, On 25-05-2021) | 1-4 |
| 6 | പദ്ധതി അവലോകനം<br>Written By: Baburaj (Audit Officer, On 07-04-2021)<br>Last Updated By: C R Beenakumary (Deputy Director, On 26-05-2021) | 1-5 |
| 7 | തൊഴിലുറപ്പ് പദ്ധതി നടത്തിപ്പ്<br>Written By: Baburaj (Audit Officer, On 08-04-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 20-05-2021) | 1-6 |
| 8 | ക്ഷേമപദ്ധതികൾ<br>Written By: Baburaj (Audit Officer, On 08-04-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 20-05-2021) | 1-7 |
| 9 | ക്യാഷ് പരിശോധന<br>Written By: Rajima A.C (Senior Grade Auditor, On 03-04-2021)<br>Last Updated By: Baburaj (Audit Officer, On 07-04-2021) | 1-8 |
| 10 | ആഭ്യന്തര നിയന്ത്രണം<br>Written By: Baburaj (Audit Officer, On 05-04-2021)<br>Last Updated By: C R Beenakumary (Deputy Director, On 25-05-2021) | 1-9 |
| 11 | മറ്റ് ഓഡിറ്റ് നടത്തിയതിന്റെവിവരങ്ങൾ<br>Written By: Baburaj (Audit Officer, On 08-04-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 20-05-2021) | 1-10 |
| 12 | വാർഷികധനകാര്യ പത്രികയിലെ അപാകങ്ങൾ<br>Written By: Vipina Valsaraj (Senior Grade Auditor, On 01-04-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 20-05-2021) | 1-11 |
| 13 | ഫാക്ടറീസ് ,ട്രേഡേഴ്സ് , എന്റെർപ്രണർഷിപ്പ് , ആക്ടിവിറ്റിസ് ആന്റ് അദർസർവ്വീസ് ലൈസൻസ് നൽകിയതിലെ അപാകതകൾ<br>Written By: Manoharan A V (Senior Grade Auditor, On 30-03-2021)<br>Last Updated By: C R Beenakumary (Deputy Director, On 25-05-2021) | 1-12 |
| 14 | തൊഴിൽ നികുതി അപാകങ്ങൾ<br>Written By: Rajima A.C (Senior Grade Auditor, On 30-03-2021)<br>Last Updated By: C R Beenakumary (Deputy Director, On 25-05-2021) | 1-13 |
| 15 | വാണിജ്യാവശ്യത്തിനായി നമ്പർ നൽകിയ കെട്ടിടങ്ങളും എഫ് ടി & എസ് ഒ ലൈസൻസ് അനുവദിച്ചതും തമ്മിലുള്ള അന്തരം<br>Written By: Manoharan A V (Senior Grade Auditor, On 30-03-2021)<br>Last Updated By: Pramod (Audit Officer, On 20-05-2021) | 1-14 |
| 16 | ദുരിതാശ്വാസനിധി -കൈപ്പറ്റിയതിനുള്ള രസീത് | 1-15 |

| | | |
|---|---|---|
| | ഹാജരാക്കിയിട്ടില്ല<br>Written By: Vipina Valsaraj (Senior Grade Auditor, On 01-04-2021)<br>Last Updated By: Pramod (Audit Officer, On 20-05-2021) | |
| 17 | പാലിയേറ്റീവ് ഹോം കെയർ പരിപാടി - പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ. 1,25,000/-രൂപ തടസ്സത്തിൽ വെക്കുന്നു.<br>Written By: Manoharan A V (Senior Grade Auditor, On 30-03-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 20-05-2021) | 1-16 |
| 18 | പി.എച്ച്.സി യിലേക്ക് മരുന്ന് വാങ്ങൽ -മരുന്ന് ലഭ്യമായതിന്റെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല-ചെലവ് തുക18,996/- തടസ്സത്തിൽവെക്കുന്നു<br>Written By: Manoharan A V (Senior Grade Auditor, On 30-03-2021)<br>Last Updated By: Pramod (Audit Officer, On 20-05-2021) | 1-17 |
| 19 | എസ്.എസ്.എ വിഹിതം നൽകൽ - വിനിയോഗ സാക്ഷ്യ പത്രം ഹാജരാക്കിയിട്ടില്ല.ചെലവ് തുക 10,00,000/- രൂപ തടസ്സത്തിൽവെക്കുന്നു.<br>Written By: Manoharan A V (Senior Grade Auditor, On 30-03-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 20-05-2021) | 1-18 |
| 20 | പ്രേരക്മാരുടെ ഹോണറേറിയം -അഡ്വാൻസ് തുക തിരികെ ലഭിച്ചില്ല<br>Written By: Vipina Valsaraj (Senior Grade Auditor, On 01-04-2021)<br>Last Updated By: C R Beenakumary (Deputy Director, On 25-05-2021) | 1-19 |
| 21 | ഫലപ്രാപ്തിയിലെത്താതെ മാലിന്യ നിർമാർജ്ജനപദ്ധതികൾ<br>Written By: Vipina Valsaraj (Senior Grade Auditor, On 04-04-2021)<br>Last Updated By: C R Beenakumary (Deputy Director, On 25-05-2021) | 1-20 |
| 22 | കശുമാവ് ഗ്രാഫ്ട് തൈ വിതരണം - പദ്ധതി നിർവ്വഹണത്തിലെ അപാകങ്ങൾ സംബന്ധിച്ച്<br>Written By: Albert Jose (Senior Grade Auditor, On 03-04-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 20-05-2021) | 1-21 |
| 23 | ടെണ്ടർ നടപടികളിൽ സുതാര്യതയും മത്സരക്ഷമതയും ഉറപ്പാക്കുന്നില്ല<br>Written By: Albert Jose (Senior Grade Auditor, On 03-04-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 20-05-2021) | 1-22 |
| 24 | ഹരിത ഭവനം - പദ്ധതി നിർവ്വഹണത്തിലെ അപാകങ്ങൾ<br>Written By: Albert Jose (Senior Grade Auditor, On 03-04-2021)<br>Last Updated By: Pramod (Audit Officer, On 20-05-2021) | 1-23 |
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |
| --- No Records Found --- | | |
| **ഭാഗം 4** | | |
| 1 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: Baburaj (Audit Officer, On 05-04-2021)<br>Last Updated By: C R Beenakumary (Deputy Director, On 25-05-2021) | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Baburaj (Audit Officer, On 04-04-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 20-05-2021) | 4-2 |

| | | |
|---|---|---|
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Baburaj (Audit Officer, On 04-04-2021)<br>Last Updated By: C R Beenakumary (Deputy Director, On 25-05-2021) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് അനുവദിച്ചതിന്റെ വിവരം<br>Written By: Baburaj (Audit Officer, On 04-04-2021)<br>Last Updated By: Baburaj (Audit Officer, On 05-04-2021) | 4-4 |
| 5 | വായ്പ/വായ്പാ തിരിച്ചടവ്<br>Written By: Baburaj (Audit Officer, On 04-04-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 20-05-2021) | 4-5 |
| 6 | സ്ഥിര നിക്ഷേപം<br>Written By: Baburaj (Audit Officer, On 06-04-2021)<br>Last Updated By: Baburaj (Audit Officer, On 06-04-2021) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Baburaj (Audit Officer, On 04-04-2021)<br>Last Updated By: C R Beenakumary (Deputy Director, On 26-05-2021) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: Baburaj (Audit Officer, On 06-04-2021)<br>Last Updated By: C R Beenakumary (Deputy Director, On 26-05-2021) | 4-8 |
| 9 | ചാർജ്/സർചാർജ് നടപടികളുടെ വിവരം<br>Written By: Baburaj (Audit Officer, On 06-04-2021)<br>Last Updated By: Baburaj (Audit Officer, On 06-04-2021) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Baburaj (Audit Officer, On 06-04-2021)<br>Last Updated By: C R Beenakumary (Deputy Director, On 26-05-2021) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Baburaj (Audit Officer, On 06-04-2021)<br>Last Updated By: Pramod (Audit Officer, On 20-05-2021) | 4-11 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | |
| 3 | ഇൻകം & എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ് | |
| 4 | ബാലൻസ് ഷീറ്റ് | |

# ഭാഗം -1

## 1-1 ബജറ്റ്.

ഗ്രാമപഞ്ചായത്തിന്റെ ബജറ്റ് അംഗീകരിച്ചതിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| വർഷം | | 2019-20 |
|---|---|---|
| | ബജറ്റ് പ്രകാരം | വാർഷിക അക്കൗണ്ട് പ്രകാരമുള്ള യഥാർത്ഥ വരവ് ചെലവ് കണക്ക് |
| തീരുമാനം നമ്പർ തീയ്യതി | നം.26/19 തീയതി 26.02.2019 | |
| മുന്നിരിപ്പ് | 32,60,000 | 13225672 |
| വരവ് | 27,27,20,147 | 49941198 |
| ആകെ | 27,79,80,147 | 63166870 |
| ചെലവ് | 27,42,28,547 | 47411700 |
| നീക്കിയിരിപ്പ് | 37,51,600 | 15755170 |

## 1-1-1 ബജറ്റ്-തയ്യാറാക്കിയതിലെ അപാകതകൾ

ബജറ്റിലെ തുക കൂട്ടിയിട്ടിരിക്കുന്നത് ശരിയായിട്ടല്ല. മുന്നിരിപ്പും വരവും കൂടി ആകെ വരുന്നത് 27,59,80,147/- രൂപ മാത്രമാണ്. ആയത് കണക്കിലെടുത്താൽ നീക്കിയിരിപ്പ് 1751600 ആയി മാറും. (20,00,000 രൂപയുടെ വ്യത്യാസം.)

തൻവർഷത്തെ ആകെ വരവ് 4,99,41,198/- രൂപയും ചെലവ് 4,74,11,700/- രൂപയും ആണ്. ബജറ്റ് എസ്റ്റിമേറ്റ് യാഥാർത്ഥ്യങ്ങളിൽ നിന്ന് ഏറെ അകന്നു നിൽക്കുന്നു. സാമ്പത്തികവർഷാവസാനം അവതരിപ്പിച്ച റിവൈസ്ഡ് ബജറ്റിൽ പോലും അവതരിപ്പിച്ച തുകകൾ സാമ്പത്തിക സ്ഥിതിയുടെ ഒരു ഏകദേശ ചിത്രം പോലുമാകുന്നില്ല.

.

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 175(1) വകുപ്പ് പ്രകാരം ഗ്രാമപഞ്ചായത്ത് ഓരോ വർഷാവസാനത്തിനു മുൻപും അടുത്ത വർഷത്തേക്കുള്ള വാർഷിക വികസന പദ്ധതി തയ്യാറാക്കേണ്ടതും വകുപ്പ് 214(1) പ്രകാരം ആയത് ബജറ്റിൽ ഉൾക്കൊള്ളിക്കേണ്ടതും സാമ്പത്തിക വർഷം ആരംഭിക്കുന്നതിന് മുൻപ് ബജറ്റ് പാസാക്കേണ്ടതുമാണ്. സർക്കാർ അതതു സമയങ്ങളിൽ പുറപ്പെടുവിക്കുന്ന പദ്ധതി നിർദ്ദേശങ്ങൾക്ക് വിധേയമായാണ് വാർഷിക വികസന പദ്ധതി തയ്യാറാക്കേണ്ടത്. അംഗീകരിക്കപ്പെട്ട പദ്ധതി നിർദ്ദേശങ്ങൾ ബജറ്റിന്റെ ഭാഗമാക്കേണ്ടതാണ്. പദ്ധതിയേതര നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതും ക്രോഡീകരിക്കുന്നതും ബജറ്റ് തയ്യാറാക്കലും സംബന്ധിച്ച പാലിക്കേണ്ട സമയക്രമവും ബജറ്റ് പ്രക്രിയ എപ്രകാരമായിരിക്കണമെന്നതും സ.ഉ (സാധാ) നം. 3291/2016/ തസ്വഭവ തിയ്യതി 02.12.2016 പ്രകാരം സർക്കാർ വ്യക്തമാക്കിയിട്ടുണ്ട്.ആരോഗ്യ വിദ്യാഭ്യാസം, ക്ഷേമകാര്യം, വികസനകാര്യം തുടങ്ങിയ സ്റ്റാന്റിംഗ് കമ്മിറ്റികൾ പദ്ധതിയേതര നിർദ്ദേശങ്ങൾ സമർപ്പിച്ചതായി കാണുന്നില്ല

വരുമാന മാർഗ്ഗങ്ങൾ കണ്ടെത്തുന്നതിനും നിലവിലുള്ള ഇനങ്ങളിൽ നിന്നും കൂടുതൽ വരുമാനം ഉറപ്പാക്കുന്നതിനുമുള്ള നിർദ്ദേശങ്ങൾ ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റി തയ്യാറാക്കുന്ന ബജറ്റിൽ ഉൾപ്പെടുത്തേണ്ടതാണ്.

തനത് ഫണ്ട് ശുഷ്കമായ പഞ്ചായത്തിലെ നികുതി പിരിവ് പുരോഗതി സംബന്ധിച്ച് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ യോഗങ്ങളിൽ ചർച്ച ചെയ്തിട്ടുണ്ട്. തൊഴിൽ നികുതി എടുക്കാൻ ബാധ്യതപ്പെട്ട എല്ലാ ആളുകളിൽ നിന്നും തൊഴിൽ നികുതി ഈടാക്കാനും പുതിയ ട്രേഡേഴ്സ് ലിസ്റ്റിന്റെ അടിസ്ഥാനത്തിൽ ലൈസൻസ് എടുക്കാൻ അവശേഷിക്കുന്നവരിൽ നിന്നും പിഴ ഈടാക്കാനും ഒപ്പം ലൈസൻസ് എടുപ്പിക്കാനും ഇത് സംബന്ധിച്ച ചട്ടം 232 പ്രകാരം വിജ്ഞാപനം ചെയ്യുന്നതിനും തീരുമാനിച്ച കാണുന്നുണ്ട്. തൊഴിൽ നികുതി അടക്കാൻ ബാധ്യസ്ഥരായ എല്ലാ വിഭാഗങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കാനും തീരുമാനിച്ചിട്ടുണ്ട്. (തീരുമാനം നം.37/2019, തീയതി 13.5.2019).എന്നാൽ ഇവ സംബന്ധിച്ചും പുതിയ വരവിനങ്ങൾ കണ്ടെത്തുന്നതിനുള്ള മറ്റ് പ്രായോഗിക മാർഗങ്ങൾ സംബന്ധിച്ചും നടപടികൾ ഉണ്ടായതായി കാണുന്നില്ല. സംസ്ഥാനത്തിന്റെ സമഗ്ര പശ്ചാത്തലവികസനത്തിനും സാമ്പത്തിക സുസ്ഥിരതക്കും നികുതിയേതരവർദ്ധനവ് വരുത്തേണ്ടത് അനിവാര്യമായതിനാൽ എല്ലാ സേവനങ്ങൾക്കുമുള്ള നിലവിലെ ഫീസുകൾ, ചാർജ്ജുകൾ എന്നിവ 01-04-2019 മുതൽ അഞ്ച് ശതമാനം വർദ്ധനവ് വരുത്തി സ.ഉ (അച്ചടി) 28/2019 ധന.തീയതി 08-03-2019 പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ഇതിന്റെ കൂടി അടിസ്ഥാനത്തിൽ തനതുവരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള പ്രായോഗിക നടപടികൾ ഉണ്ടാകേണ്ടതാണ്.

ഓഡിറ്റ് നിർദ്ദേശങ്ങൾ

1.സ്ഥാപനമേധാവികളുടെ യോഗം വിളിച്ച് ചേർത്ത് ബജറ്റ് സംബന്ധിച്ച പ്രാഥമികകാര്യങ്ങൾ ചർച്ച ചെയ്യേണ്ടതാണ്.

2.ബജറ്റ് സംബന്ധിച്ച ബജറ്റ് മാന്വൽ പ്രകാരമുള്ള രേഖകൾ ബജറ്റ് രേഖകളായി സൂക്ഷിക്കേണ്ടതാണ്. ജെൻഡർ ബജറ്റ് ,പെർഫോമൻസ് ബജറ്റ് തുടങ്ങിയ രേഖകൾ ബജറ്റ് രേഖകളുടെ ഭാഗമാണ് എന്ന കാര്യം ശ്രദ്ധക്കേണ്ടതാണ്.

3.എല്ലാ പ്രതീക്ഷിത ഇനങ്ങളും ബജറ്റിൽ ഉൾപ്പെട്ടുവെന്ന് ഉറപ്പാക്കേണ്ടതും പ്രസക്തമല്ലാത്ത ഇനങ്ങൾ ഒഴിവാക്കേണ്ടതുമാണ്.

4.100% നികുതികളും പിരിച്ചെടുക്കുന്നുണ്ടെങ്കിലും ഗ്രാമപഞ്ചായത്തിന് തനത് വരുമാനം വളരെ കുറവാണ്.പുതിയ വരുമാന മാർഗ്ഗങ്ങൾ കണ്ടെത്തുന്നതിനും നിലവിലുള്ള ഇനങ്ങളിൽ നിന്നും കൂടുതൽ വരുമാനം ഉറപ്പാക്കുന്നതിനുമുള്ള നിർദ്ദേശങ്ങൾ ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റി തയ്യാറാക്കുന്ന ബജറ്റിൽ ഉൾപ്പെടുത്തുന്നതിന് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്

5.കേരള സർക്കാരിന്റെ ബജറ്റ് നിർദ്ദേശങ്ങൾ പ്രകാരമുള്ള അധികവിഭവസമാഹരണത്തിനുള്ള സർക്കാർ ഉത്തരവുകൾ തനത് വരുമാനവർദ്ധനവിന് ഉതകുന്ന രീതിയിൽ ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കുന്നതിന് ഗ്രാമപഞ്ചായത്ത് ബജറ്റ് നിർദ്ദേശങ്ങളിൽ ഉൾപ്പെടുത്തേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യപത്രിക

ഗ്രാമ പഞ്ചായത്ത് ഭരണസമിതിയുടെ 06.06.2020 തീയതിയിലെ 1/46/20 നമ്പർ തീരുമാന പ്രകാരം അംഗീകരിച്ച 2019-20 സാമ്പത്തിക വർഷത്തെ കണക്കുകൾ ഓഡിറ്റിന് ലഭിച്ചതിന്റെ വിവരം താഴെ കൊടുക്കുന്നു

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31/7/2019 | 03/07/2020 | തിരിച്ചയച്ചിട്ടില്ല | - |

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 13225672 |
| വരവ് | 49941198 |
| ആകെ | 63166870 |
| ചെലവ് | 47411700 |
| നീക്കിയിരിപ്പ് | 15755170 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് തുക | നീക്കിയിരിപ്പ്/ ചെലവാക്കാത്ത തുക | ചെലവ് % |
|---|---|---|---|---|---|---|
| വികസന ഫണ്ട്- ജനറൽ (ACRപ്രകാരം) | | 11109443 | 11109443 | 9807328 | 1302115 | 88 |
| വികസന ഫണ്ട്- എസ്.സി.പി (ACR പ്രകാരം) | | 614000 | 614000 | 539000 | 75000 | 87.78 |
| വികസന ഫണ്ട്- ടി.എസ്.പി (ACR പ്രകാരം) | | 2635294 | 2635294 | 1251174 | 1384120 | 47.47 |
| മെയിന്റനൻസ് ഗ്രാന്റ് റോഡ് (ACR പ്രകാരം) | | 12758000 | 12758000 | 7653159 | 5104841 | 59.98 |
| മെയിന്റനൻസ് ഗ്രാന്റ് നോൺ- റോഡ് (ACR പ്രകാരം) | 0 | 3655000 | 3655000 | 2663490 | 991510 | 72.87 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | 0 | 9194267 | 9194267 | 3763211 | 5431056 | 40.93 |
| കേന്ദ്രാവിഷ്കൃത പദ്ധതികൾ | | | | | | |
| ദേശീയ ഗ്രാമീണതൊഴിലുറപ്പ പദ്ധതി ഭരണച്ചെലവ് | 5954 | 2500544 | 2506498 | 2501331 | 5167 | |
| തൊഴിലാളികളുടെ കൂലി | | 19078111 | 19078111 | 19078111 | 0 | |
| ഐ.സി.ഡി.എസ് (അനുപൂരക പോഷകാഹാരം) | 499016 | 553390 | 1052406 | 856173 | 196233 | 81.35 |
| ടി.എസ്.സി | 688445 | 78530 | 766975 | 62729 | 704246 | 8.17 |
| WGDP | 16524 | 649 | 17173 | . | 17173 | 0 |
| SSA | 10430 | 410 | 10840 | | 10840 | 0 |
| ITDP കോർപസ് ഫണ്ട്. | 874007 | 34347 | 908354 | - | 908354 | 0 |
| MP ഫണ്ട് മറ്റിനം | 92656 | 2374 | 95030 | 0 | 95030 | 0 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ചതും നടപ്പാക്കിയതുമായ പ്രോജക്ടുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ച പ്രോജക്ടുകൾ | ആകെ അടങ്കൽ | ആകെ ചെലവ് | പൂർത്തീകരിച്ച പ്രോജക്ടുകൾ | ഭാഗികമായി നടപ്പാക്കിയവ | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 184 | 69178368 | 32321324 | 99 | 20 | 65 | 54 |

ആകെ അടങ്കൽ തുകയുടെ 46.7% മാത്രമാണ് തൻവർഷം ചെലവഴിച്ചിട്ടുള്ളത്. അംഗീകാരം ലഭിച്ച 98 മരാമത്ത് പ്രവൃത്തികളിൽ 53 എണ്ണം മാത്രമേ നടപ്പാക്കിയിട്ടുള്ളൂ. വികസന പ്രവർത്തനങ്ങൾക്ക് ലഭ്യമാകുന്ന സർക്കാർ ധനസഹായം പൂർണ്ണതോതിൽ വിനിയോഗിക്കുന്നതിന് ഉചിതമായ നടപടികൾ സ്വീകരിക്കുന്നതിന് വിഷയം ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

ആസൂത്രണസമിതി

പതിമൂന്നാം പഞ്ചവത്സരപദ്ധതിയിലെ 2018-19 മുതൽ 2021-22 വരെയുള്ള വാർഷികപദ്ധതികൾ തയ്യാറാക്കുന്നത് സംബന്ധിച്ച് സർക്കാർ പുറപ്പെടുവിച്ച സ.ഉ.(കൈ) നം.11/2018/തസ്വഭവ. തി. 29.01.2018 പ്രകാരമുള്ള പദ്ധതി മാർഗ്ഗരേഖ ഖ.3-1-1 (ബി) യിൽ ആസൂത്രണ സമിതിയുടെ ചുമതലകൾ പരാമർശിച്ചിട്ടുണ്ട്. പ്രദേശത്തിന്റെ വികസനം സംബന്ധിച്ച് ആരോഗ്യകരമായ സംവാദങ്ങൾ പ്രോത്സാസാഹിപ്പിക്കുക, തദ്ദേശ ഭരണ സ്ഥാപനത്തിന്റെ ദീർഘകാല വികസന പരിപ്രേക്ഷ്യത്തിന് രൂപം നൽകുന്നതിൽ ഭരണസമിതിയെയും വർക്കിംഗ് ഗ്രൂപ്പുകളെയും സഹായിക്കുക, അധികവിഭവസമാഹരണസാദ്ധ്യതകൾ കണ്ടെത്തുന്നതിന് സഹായിക്കുക,പദ്ധതി ആസൂത്രണത്തിനും പദ്ധതിയുടെ ഗുണമേന്മ മെച്ചപ്പെടുത്തുന്നതിനും അനുയോജ്യമായ പഠനങ്ങൾ നടത്തി ഭരണ സമിതിക്ക് റിപ്പോർട്ട് നൽകുക, സ്റ്റേക്ക് ഹോൾഡർമാരുമായുള്ള കൂടിയാലോചന, ബാങ്കുകളും സഹകരണ സ്ഥാപനങ്ങളുമായുള്ള ചർച്ച എന്നിവയ്ക്ക് സഹായം നൽകുക, സ്ഥാപനത്തിന്റെ പ്രാദേശികാസൂത്രണത്തിന് സഹായിക്കുന്നതിന് വിദഗ്ധർ, സന്നദ്ധ പ്രവർത്തകർ എന്നിവരെയും അക്കാദമിക് - സാങ്കേതിക സ്ഥാപനങ്ങളെയും കണ്ടെത്തുന്നതിന് സഹായിക്കുക തുടങ്ങിയവയാണ് ആസൂത്രണസമിതിയുടെ സുപ്രധാന ചുമതലകൾ . ആസൂത്രണ സമിതിയുടെ മിനുട്സ് പരിശോധിച്ചതിൽ, ഓഡിറ്റ് വർഷം 2 തവണ മാത്രമാണ് യോഗം ചേർന്നതായി കാണുന്നത്. (30.7.2019, 3.01.2020 തീയതികളിൽ) . 2 തവണ ത്തിലുള്ള ചർച്ചകൾ നടന്നതായി കാണുന്നില്ല. 3.1.2020 ന്റെ യോഗതീരുമാനങ്ങൾ രേഖപ്പെടുത്തിയിട്ടുമില്ല.

2019-20ലെ വികസന സെമിനാർ 2018 നവമ്പർ 30 ന് ചേർന്നിട്ടുണ്ട്. നിർവ്വഹണോദ്യോഗസ്ഥരുടെ യോഗം 10.5.2019 നം നടന്നിട്ടുണ്ട്. വർക്കിങ്ങ് ഗ്രൂപ്പുകളുടെ സംയുക്ത യോഗം 16.1.2020 നം അടുത്ത വർഷത്തെ (2020-21) വികസന സെമിനാർ 25.2.2020 നം നടന്നുവെങ്കിലും ഈ യോഗങ്ങളുടെ തീരുമാനങ്ങൾ രേഖപ്പടുത്തിയിട്ടില്ല.

ആസൂത്രണ സമിതി അതർഹിക്കുന്ന ഗൗരവത്തോടെ ചേരുകയും ഏല്പിക്കപ്പെട്ട ചുമതലകൾ നിർവഹിക്കേണ്ടതുമാണ്.

സ്റ്റിയറിങ്ങ് കമ്മറ്റി

സ്റ്റിയറിങ്ങ് കമ്മറ്റികൾക്ക് പഞ്ചായത്തിന്റെ ഭരണസംവിധാനത്തിൽ സുപ്രധാനമായ പങ്ക് നിർവഹിക്കാനുണ്ട്. പേര് സൂചിപ്പിക്കുന്നത് പോലെ പഞ്ചായത്ത് പ്രവർത്തനങ്ങളുടെ ദിശ നിർണയിക്കുന്ന തരത്തിൽ പ്രവർത്തനം നടത്താൻ ഈ കമ്മറ്റിക്ക് സാധിക്കേണ്ടതുണ്ട്. സ്റ്റാന്റിങ്ങ് കമ്മറ്റികളുടെ പ്രവർത്തനം ഏകോപിപ്പിക്കുകയും മോണിറ്റർ ചെയ്യുകയും ചെയ്യുക, വർക്കിങ്ങ് ഗ്രൂപ്പുകൾ ഫലപ്രദമായി പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ ഇടപെടൽ നടത്തുക, സ്റ്റാന്റിങ്ങ് കമ്മറ്റിയുടെ ഉദാസീനത നിമിത്തമോ മറ്റ് കാരണങ്ങളാലോ ബജറ്റ് പാസാക്കാൻ കഴിയാത്ത സാഹചര്യമുണ്ടായാൽ ബജറ്റ് അവതരിപ്പിക്കുക തുടങ്ങിയ ചുമതലകൾ സ്റ്റിയറിങ്ങ് കമ്മറ്റിയുടേതാണ്. അത് പ്രതിമാസമോ അതിലേറെയോ തവണ യോഗം ചേരേണ്ടതുണ്ട്. എന്നാൽ കേളകം ഗ്രാമപഞ്ചായത്തിൽ സ്റ്റിയറിങ്ങ് കമ്മറ്റി ഒരു തവണ മാത്രമേ യോഗം ചേർന്നിട്ടുള്ളൂ(3.6.2019) .ഇത് ആശാസ്യമല്ല. സ്റ്റിയറിങ്ങ് കമ്മറ്റികളുടെ പ്രവർത്തനം നിയമാനുസൃതമായ ചുമതലകൾ നിർവഹിക്കുന്ന തലത്തിലേക്ക് ഉയരേണ്ടതുണ്ട്.

ഗ്രാമസഭകളുടെ നടത്തിപ്പ്

പഞ്ചായത്തിലെ 13 ഗ്രാമസഭകൾ താഴെക്കാണിച്ച പ്രകാരം വിവിധ അജണ്ടകളുമായി 2019-20 വർഷത്തിൽ യോഗം ചേർന്നിട്ടുണ്ട്.

| | |
|---|---|
| 2018-19 വർഷത്തെ വരവ് ചെലവുകൾ അംഗീകരിക്കൽ,തൊഴിലുറപ്പ പദ്ധതി ഗുണഭോക്തൃ പട്ടിക അംഗീകരിക്കൽ,2017-18 ലെ ഓഡിറ്റ് റിപ്പോർട്ട അംഗീകരിക്കൽ,<br>മഴക്കാലപൂർവ ശുചീകരണം | 06/2019 |
| 2019-20 വാർഷികപദ്ധതി, NREGA ആക്ഷൻ പ്ലാൻ,ഹരിത ഗ്രാമസഭ, 2019-20 വാർഷിക പദ്ധതി -ഗുണഭോക്താക്കളെ ഒഴിവാക്കൽ തുടങ്ങിയവ സംബന്ധിച്ച് | 12/2019 |
| കരട് പദ്ധതി അവലോകനം ,2020-21 വാർഷിക പദ്ധതി രൂപീകരണം, ദുരന്ത നിവാരണ പദ്ധതി ആസൂത്രണം, PMAY പദ്ധതി സംബന്ധിച്ച് | 2./2020 |

ഗ്രാമസഭകളിലെ പങ്കാളിത്തം പൊതുവേ തൃപ്തികരമാണ്.

വർക്കിങ്ങ് ഗ്രൂപ്പുകൾ

വർക്കിങ്ങ് കമ്മറ്റികൾ യോഗം ചേർന്നിട്ടുണ്ടെങ്കിലും അവയുടെ മിനുട്സുകൾ ശരിയായി സൂക്ഷിച്ചിട്ടില്ല. ഉദാഹരണമായി പ്രധാന ഗ്രൂപ്പായ "കൃഷിയും അനുബന്ധമേഖലകളും" എന്ന വർക്കിങ്ങ് ഗ്രൂപ്പ് രണ്ട് തവണ യോഗം ചേർന്നിട്ടുണ്ടെങ്കിലും ഒരു തവണ മാത്രമേ മിനുട്സ് രേഖപ്പെടുത്തിയിട്ടുള്ളൂ. ദാരിദ്ര്യ ലഘൂകരണം മൂന്ന് തവണ യോഗങ്ങൾ ചേർന്നതായി കാണിച്ചിട്ടുണ്ടെങ്കിലും മിനുട്സുകൾ ശരിയായി രേഖപ്പെടുത്തിയിട്ടില്ല. ചില പ്രോജക്ടുകൾ നിർദ്ദേശിച്ചതായി മാത്രം രേഖപ്പെടുത്തിയിട്ടുണ്ട്.

വർക്കിംഗ് ഗ്രൂപ്പുകൾ കൃത്യമായി യോഗം ചേരുകയും മിനുട്സുകൾ സൂക്ഷിക്കുകയും ചെയ്യേണ്ടതാണ്.

## 1-6 തൊഴിലുറപ്പ് പദ്ധതി നടത്തിപ്പ്

| | | | | | |
|---|---|---|---|---|---|
| ദേശീയ ഗ്രാമീണതൊഴിലുറപ്പ പദ്ധതി<br>ഭരണച്ചെലവ് | 5954 | 2500544 | 2506498 | 2501331 | 5167 |
| തൊഴിലാളികളുടെ കൂലി | | 19078111 | 19078111 | 19078111 | -- |

ദേശീയ ഗ്രാമീണ തൊഴിലുറപ്പ പദ്ധതിയിൽ സക്രിയമായ കുടുബങ്ങളുടെ എണ്ണം 1221 ആണ്. അതിൽ 128 കുടുംബങ്ങൾക്ക് തൻ വർഷം 100 ദിവസത്തെ തൊഴിൽ ലഭ്യമാക്കാൻ കഴിഞ്ഞിട്ടുണ്ട്. കിണർ റീചാർജ്, കിണർ നിർമാണം, തൊഴുത്ത് നിർമാണം, കമ്പോസ്റ്റ് നിരമാണം, ആട്ടിൻകൂട് നിർമാണം, റോഡ് കോൺക്രീറ്റ് തുടങ്ങിയ പ്രവൃത്തികൾ ഏറ്റെടുത്തിട്ടുണ്ട്. തൊഴിലുറപ്പ പദ്ധതിയിലെ റോഡ് കോൺക്രീറ്റ് ഉൾപ്പെടെയുള്ള മെറ്റീരിയൽ പ്രവൃത്തികൾ തുടങ്ങുന്നതിന് മുൻപും പൂർത്തിയായ ശേഷവും അവയുടെ ഫോട്ടോഗ്രാഫുകൾ എടുത്തു പ്രവൃത്തിയുടെ ഫയലിൽ സൂക്ഷിച്ചിരിക്കേണ്ടതാണ്. ഇപ്രകാരം ഫോട്ടോഗ്രാഫുകൾ ഫയലിൽ സൂക്ഷിക്കുന്നുവെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

## 1-7 ക്ഷേമപദ്ധതികൾ

| വർഷം | ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക ₹ | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|---|
| 2019-20 | 50 വയസ്സിനു മുകളിലുള്ള അവിവാഹിതകൾക്കുള്ള പെൻഷൻ | 61,200 | 16 |
| | വിധവാപെൻഷൻ | 18,19,800 | 487 |
| | കർഷകതൊഴിലാളി പെൻഷൻ | 3,09,600 | 91 |
| | | | |

| | | | |
|---|---|---|---|
| | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള പെൻഷൻ | 8,64,000 | 235 |
| | തൊഴിൽ രഹിത വേതനം | 3,360 | 3 |
| | വാർദ്ധക്യകാല പെൻഷൻ | 55,92,900 | 1678 |
| | വിവാഹ ധനസഹായം | 60,000 | 2 |

## 1-8 ക്യാഷ് പരിശോധന

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 29/3/2021ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി .പരിശോധനയിൽ 16744രൂപയുടെ ക്യാഷ് നീക്കിയിരിപ്പ് ബോധ്യപ്പെട്ടു

## 1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തിലെ ആഭ്യന്തരനിയന്ത്രണസംവിധാനം ഏറെക്കുറെ കുറ്റമറ്റ രീതിയിലാണ്.ഓഫിസ് മീറ്റിങ്ങുകൾ എല്ലാ മാസവും ചേർന്ന് പ്രവർത്തനം വിലയിരുത്തിയിട്ടുണ്ട്. നികുതി പിരിവ് , പദ്ധതി പ്രവർത്തനം എന്നിവയിലെ പുരോഗതി അവലോകനം ചെയ്തിട്ടുണ്ട്. ISO സർട്ടിഫിക്കേഷൻ , NREGA നടത്തിപ്പ്, ക്ഷേമപെൻഷൻ സംബന്ധിച്ചും അപേക്ഷകൾ തീർപ്പാക്കുന്നതിനെക്കുറിച്ചും ഫയലുകളുടെ പെന്റൻസി ഒഴിവാക്കുന്നത് സംബന്ധിച്ചും ചർച്ചകളും തീരുമാനങ്ങളും ഉണ്ടായിട്ടുണ്ട. ഫ്രണ്ട് ഓഫീസിന്റെ പ്രവർത്തനം സംബന്ധിച്ചും ചർച്ചകൾ ഉയർന്നിട്ടുണ്ട്.

ഓഫീസ് ഓർഡറുകൾ വഴി ജീവനക്കാരുടെ ജോലികളിൽ ആവശ്യമായ ക്രമീകരണം നടത്തിയിട്ടുണ്ട്. ആകെ 20 തവണ വ്യത്യസ്ത വിഷയങ്ങളിൽ ഓഫീസ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട.നികുതി പിരിവിൽ ബന്ധപ്പെട്ട ജീവനക്കാർ ഓരോ മാസവും കൈവരിക്കേണ്ട പുരോഗതി നിശ്ചയിച്ച് കൊണ്ട് പ്രവർത്തനം നടത്തിക്കാണുന്നത് സ്വാഗതാർഹമാണ്.

ഫയൽ സൂക്ഷിപ്പ്-മാതൃകാ പരമായ പ്രവർത്തനം

ഓഫീസിലെ ഫയലുകളും വൗച്ചറുകളും റിക്കാർഡുകളും സൂക്ഷിച്ചുപോരുന്നത് മാതൃകാപരമായ രീതിയിലാണ്. ഓരോ വിഷയത്തിലുള്ള ഫയലുകളും മറ്റ് രേഖകളും പ്രത്യേകം ഫയൽ ബോക്സിൽ ആകർകമായി അടുക്കിവെച്ച് സൂക്ഷിച്ചിരിക്കുന്നു. ഓരോന്നും അവയ്ക്കുള്ള പ്രത്യേക സ്ഥലത്ത് കൃത്യമായി അടുക്കിവെച്ചിട്ടുണ്ട്. ഒരു വിഷയം സംബന്ധിച്ച ഫയലുകൾ അവയ്ക്കുള്ള പ്രത്യേകസ്ഥലത്താണ് സൂക്ഷിച്ചിട്ടുള്ളത്. അവയുടെ തെരഞ്ഞെടുപ്പ് ഇതിനാൽ വളരെ എളുപ്പമാണ്. അവയുടെ സ്വഭാവം വ്യക്തമാക്കുന്ന ആകർഷകമായ രിതിയിൽ ആകർഷകമായി മാതൃഭാഷയിൽ നാമകരണം നടത്തിയിട്ടുണ്ട്. ചില ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

1)സാന്ത്വന സ്പർശം (ക്ഷേമ പെൻഷൻ)

2)പുതു നാമ്പുകൾ (ജനന രജിസ്ട്രേഷൻ)

3)വേർപാടുകൾ (മരണ രജിസ്ട്രേഷൻ)

4)കൂടുകൾ തേടി( ബിൽഡിങ്ങ് പെർമിറ്റ്)

5)ഒന്നാണ് നമ്മൾ(മാര്യേജ് രജിസ്ട്രേഷൻ)

6)സൗഹൃദ തപാൽ (ഫ്രണ്ട് ഓഫീസ്)

7)കാശ് പോയ വഴി(പേമെന്റ് വൗച്ചറുകൾ)

ഇപ്രകാരം പരമായി ഫയലുകളും മറ്റ് രേഖകളും സൂക്ഷിച്ച് വെച്ചുകാണുന്നത് മാതൃകാപരമാണ്. ഗ്രാമപഞ്ചായത്ത് ഇക്കാര്യത്തിൽ പ്രത്യേകം അഭിനന്ദനം അർഹിക്കുന്നു..

ആസ്തി രജിസ്റ്റർ-കാലികമാക്കി സൂക്ഷിക്കേണ്ടതാണ്.

ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നതിനായി ഐ.കെ.എം വികസിപ്പിച്ച സചിത്ര സോഫ്റ്റ്‌വെയറിൽ വിവരങ്ങൾ അപ്ഡേറ്റ് ചെയ്യേണ്ടതാണെന്ന് സർക്കുലർ നം. തസ്വഭവ-ഐ.ബി-1/141/2017/തസ്വഭവ തിയതി 23-08-2017 പ്രകാരം തദ്ദേശ സ്ഥാപനങ്ങൾക്ക് സർക്കാർ നിർദ്ദേശം നൽകിയിരുന്നുവെങ്കിലും ആയത് പാലിച്ചതായി കാണുന്നില്ല.

ഓരോ പദ്ധതി വർഷത്തിനു ശേഷവും തൻവർഷം സൃഷ്ടിക്കപ്പെട്ട ആസ്തികൾ നിലവിലുള്ളതിനോട് കൂട്ടിച്ചേർക്കേണ്ടതാണ്. റോഡ് ഒഴിച്ചുള്ള ആസ്തികൾ ഡിജിറ്റൽ മാതൃകയിൽ തയ്യാറാക്കി കാണുന്നില്ല.കെട്ടിടങ്ങൾ,പാലങ്ങൾ,കൾവെർട്ടുകൾ തുടങ്ങിയ ആസ്തികൾ കൂടി അപ്രകാരം തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്.

ദുരിതാശ്വാസനിധി

ദുരിതാശ്വാസനിധി സംവിധാനം കാര്യക്ഷമമായി പ്രവർത്തിച്ചിട്ടില്ല. പ്രകൃതി ക്ഷോഭത്തിലോ മറ്റ് ദുരന്തങ്ങളിലോ അകപ്പെട്ട് പ്രയാസം അനുഭവിക്കുന്നവരുടെ പ്രശ്നങ്ങൾ ഒരളവ് വരെ പരിഹരിക്കുന്നതിനായി ഈ ഫണ്ട് ഉപയോഗിക്കാവുന്നതാണ്. എന്നാൽ ലഭ്യമായ ഫണ്ട് ഇപ്രകാരം ഉപയോഗിക്കുകയുണ്ടായിട്ടില്ല. 9010/- രൂപ തൻവർഷം വരവുണ്ടായിട്ടുണ്ടെങ്കിലും അതും ഫലപ്രദമായി ഉപയോഗിക്കപ്പെട്ടിട്ടില്ല. ദുരിതാശ്വാസ നിധി കൂടുതൽ ജനോപകാരപ്രദമാക്കി മാറ്റാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റ് നടത്തിയതിന്റെവിവരങ്ങൾ

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| അക്കൗണ്ടന്റ് ജനറൽ ഓഡിറ്റ് | 08.06.2006 മുതൽ 14.06.2006 വരെ | 2001-2002 | 07.07.2006 |
| പെർഫോമെൻസ് ഓഡിറ്റ് | 17.02.2021 | 01/2021 | 17.02.2021 |

## 1-11 വാർഷികധനകാര്യ പത്രികയിലെ അപാകങ്ങൾ

വാർഷികധനകാര്യപത്രിക പരിശോധനയിൽ കണ്ട അപാകങ്ങൾ

1.വിവിധ ഡെപ്പൊസിറ്റുകൾ: ഡെപ്പൊസിറ്റ് രജിസ്റ്ററും വാർഷിക ധനകാര്യ പത്രികയും പൊരുത്തപ്പെടുന്നില്ല. വിശദമായി ചുവടെ കൊടുക്കുന്നു.

| ഇനം | ഡെപ്പൊസിറ്റ് രജിസ്റ്റർ പ്രകാരം ചെലവ് | വാർഷിക ധനകാര്യ പത്രിക പ്രകാരം ചെലവ് |
|---|---|---|
| Bidder’s EMD | 5500 | RP-34 ൽ ചെലവില്ല |
| Contractor’s Retention Amount | 204040 | RP-34 ൽ 113,346 |
| Rent Deposit | 79739 | RP-34 ൽ 23077 |
| Auction Deposit | 42100 | RP-34 ൽ 400 |

ബാലൻസ് തുകയിൽ ഡെപ്പൊസിറ്റ് രജിസ്റ്ററും വാർഷിക ധനകാര്യ പത്രികയും തമ്മിൽ വ്യത്യാസമില്ല.

2. Rent From Buildings: വാർഷിക ധനകാര്യ പത്രികയിലെ I-3 ഷെഡ്യൂൾ പ്രകാരം ഡിമാൻറ് ₹ 7,46,287ആണ്. RP-43 പ്രകാരം വരവ് ₹694032 ആണ്. ₹ 52,255ബാലൻസുണ്ട്. എന്നാൽ ഇത്രയുംതുക കുടിശ്ശികയുള്ളതായി ബാലൻസ് ഷീറ്റിൽ കാണിച്ചിട്ടുമില്ല. വാടക രജിസ്റ്റർ പ്രകാരം ഈയിനത്തിൽ കുടിശ്ശികയില്ല.

3. വസ്തുനികുതി ഡിമാന്റ്, കലക്ഷൻ, കുടിശ്ശിക ഇവ തമ്മിൽ പൊരുത്തപ്പെടുന്നില്ല. തൻവർഷത്തെ ഡിമാന്റ്, കലക്ഷൻ , കുടിശ്ശിക സംഗ്രഹം തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

4. RP-5 ഷെഡ്യൂൾ പ്രകാരമുള്ള വരവുകളുടെ പരിശോധനക്കാവശ്യമായ രേഖകൾ ലഭ്യമാക്കാത്തതിനാൽ ആയത് പരിശോധിക്കാൻ സാധിച്ചിട്ടില്ല.

## 1-12 ഫാക്ടറീസ് ,ട്രേഡേഴ്സ്, എന്റെർപ്രണർഷിപ്പ് , ആക്ടിവിറ്റിസ് ആന്റ് അദർസർവ്വീസ് ലൈസൻസ് നൽകിയതിലെ അപാകതകൾ

2019-20 വർഷം ഗ്രാമപഞ്ചായത്തിൽ 542 സ്ഥാപനങ്ങൾക്ക് ഫാക്ടറീസ്, ട്രേഡേഴ്സ്, എന്റെർപ്രണർഷിപ്പ്, ആക്ടിവിറ്റിസ് ആന്റ് അദർസർവ്വീസ് ലൈസൻസ് നൽകിയിട്ടുണ്ട്. ലൈസൻസ് നൽകിയതുമായി ബന്ധപ്പെട്ട ഫയൽ, രജിസ്റ്ററുകൾ എന്നിവ പരിശോധിച്ചപ്പോൾ താഴെ പറയുന്ന അപാകതകൾ കണ്ടെത്തിയിട്ടുണ്ട്.

1. <u>കൃത്യമായി പൂരിപ്പിക്കാത്തതും പരിശോധനാ ഉദ്യോഗസ്ഥന്റെ റിപ്പോർട്ട് ഇല്ലാത്തതും സെക്രട്ടറി സാക്ഷ്യപ്പെടുത്താത്തതും മൂലധന നിക്ഷേപം കാണിക്കാത്തതുമായ അപേക്ഷകളിലും ലൈസൻസ് അനുവദിക്കുന്നു-</u>

അപേക്ഷയിൽ ആവശ്യമായ വിവരങ്ങൾ നൽകാതെയാണ് പല അപേക്ഷകരും അപേക്ഷ സമർപ്പിച്ചത് . ഇത്തരം അപേക്ഷകളിന്മേൽ അന്വേഷണ ഉദ്യോഗസ്ഥന്റെ പരിശോധനാ റിപ്പോർട്ട് ഇല്ലാതെയും സെക്രട്ടറിയുടെ സാക്ഷ്യപ്പെടുത്തൽ ഇല്ലാതെയും ലൈസൻസ് നൽകിയിട്ടുണ്ട്. സർക്കാർ ഉത്തരവ് നം (പി) 80/2017/ എൽ.എസ്.ജി.ഡി /2017 തീയ്യതി 31.10.2017 അനുസരിച്ച് ഫാക്ടറീസ്, ട്രേഡേഴ്സ്, എന്റെർപ്രണർഷിപ്പ്, ആക്ടിവിറ്റിസ് ആന്റ് അദർസർവ്വീസ് ലൈസൻസ് നൽകുന്നതിനുള്ള ഫീ ഈടാക്കേണ്ടത് സ്ഥാപനങ്ങളുടെയും സംരഭങ്ങളുടെയും മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിലാണ് മൂലധന നിക്ഷേപം എത്രയാണന്ന് അപേക്ഷകനോ, പരിശോധനാ ഉദ്യോഗസ്ഥനോ, ലൈസൻസ് അനുവദിച്ച സെക്രട്ടറിയോ രേഖപ്പെടുത്തിയിട്ടില്ല . മൂലധന നിക്ഷേപം കാണിക്കാതെ എങ്ങിനെയാണ് ലൈസൻസ് നൽകി ഫീ ഈടാക്കിയതെന്ന് വ്യക്തമല്ല. മുകളിൽ പറഞ്ഞ തരത്തിലുള്ള അപാകതകൾക്ക് ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | അപേക്ഷകന്റെ പേര് | ലൈസൻസ് ലഭിച്ച സ്ഥാപനം /കെട്ടിട നം. | ലൈസൻസ് അനുവദിച്ച് ഈടാക്കിയഫീ, രശീത് നം,തീയ്യതി | അപാകതകൾ |
|---|---|---|---|---|
| 1 | ബിജോയ് ബേബി | പന്നി സ്റ്റാൾ 13/ 550 | 500/-102070 26.10.2019 | 1.അന്വേഷണ ഉദ്യോഗസ്ഥന്റെ പരിശോധനാ റിപ്പോർട്ട് ഇല്ല. 2.സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. 3.സ്ഥാപനത്തിന്റെ മൂലധനനിക്ഷേപം രേഖപ്പെടുത്തിയിട്ടില്ല.<br>4.സാനിട്ടറി സർട്ടിഫിക്കറ്റ് ഇല്ല. |
| 2 | പി.എ ദേവസ്യ | ഹാർഡ്വെയർ &പെയിന്റ് 13/255,256,257 | 1000/100936/ 9.7.2019 | 1.അന്വേഷണ ഉദ്യോഗസ്ഥന്റെ പരിശോധനാ റിപ്പോർട്ട് ഇല്ല. 2.സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. 3.സ്ഥാപനത്തിന്റെ മൂലധനനിക്ഷേപം രേഖപ്പെടുത്തിയിട്ടില്ല. |
| 3 | ഷൈജു | ടൂർസ്& ട്രാവൽസ് | 500/102968/ | 1.അപേക്ഷ പൂർണ്ണമായി |

| | | | | |
|---|---|---|---|---|
| | ഡാനിയേൽ | 13/119 | 2.12.2019 | പൂരിപ്പിച്ചിട്ടില്ല. 2.അന്വേഷണ ഉദ്യോഗസ്ഥന്റെ പരിശോധനാറിപ്പോർട്ട് ഇല്ല. 3.സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. 4.സ്ഥാപനത്തിന്റെ മൂലധനനിക്ഷേപം രേഖപ്പെടുത്തിയിട്ടില്ല. |
| 4 | ഷൈജു ഡാനിയേൽ | അപ്ഹോൾസ്റ്ററി 13/119 ജി | 500/102967/ 2.12.2019 | 1.അപേക്ഷ പൂർണ്ണമായി പൂരിപ്പിച്ചിട്ടില്ല. 2.അന്വേഷണ ഉദ്യോഗസ്ഥന്റെ പരിശോധനാ റിപ്പോർട്ട് ഇല്ല.3.സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. 4.സ്ഥാപനത്തിന്റെ മൂലധനനിക്ഷേപം രേഖപ്പെടുത്തിയിട്ടില്ല. |
| 5 | സെക്രട്ടറി കേളകം ക്ഷീരോത്പാദക സഹകരണ സംഘം | പാൽ സംഭരണം,വിതരണം 13/30 | 500/102149/ 28.10.2019 | 1.അന്വേഷണ ഉദ്യോഗസ്ഥന്റെ പരിശോധനാ റിപ്പോർട്ട് ഇല്ല. 2.സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. 3.സ്ഥാപനത്തിന്റെ മൂലധനനിക്ഷേപം രേഖപ്പെടുത്തിയിട്ടില്ല. |

2. മൂലധന നിക്ഷേപം കണക്കാക്കുന്നതിൽ കൃത്യതയില്ല

സ്ഥാപന ഉടമകൾ ലൈസൻസ് ലഭിക്കുന്നതിനായി ഹാജരാക്കുന്ന അപേക്ഷകളിൽ രേഖപ്പെടുത്തിയ മൂലധന നിക്ഷേപം കൃത്യമായി പരിശോധിക്കാത്തതിനാൽ സ്ഥാപന ഉടമകൾ അവരുടെ ഇഷ്ടത്തിനനുസരിച്ച മൂലധന നിക്ഷേപമാണ് അപേക്ഷയിൽ കാണിക്കുന്നത് . കൂടാതെ ഒരേ സ്ഥാപനം മൂലധന നിക്ഷേപം ലൈസൻസ് അപേക്ഷയിൽ രേഖപ്പെടുത്തിയ സംഖ്യയല്ല ലൈസൻസ് അനുവദിക്കുന്നതിനായി ഹാജരാക്കിയ അനുബന്ധ സർട്ടിഫിക്കറ്റിൽ രേഖപ്പെടുത്തിയത്. താഴെ കാണിച്ച ഉദാഹരണങ്ങളിൽ നിന്ന് അവ വ്യക്തമാവുന്നു.

| ക്രമ നം | അപേക്ഷകന്റെ പേര് | സ്ഥാപനം / കെട്ടിടനം | അപേക്ഷയിൽ കാണിച്ച മൂലധനനിക്ഷേപം | റിമാർക്സ് |
|---|---|---|---|---|
| 1 | കമാൽ കുട്ടി അടക്കാത്തോട് | കൂൾ ഡ്രിംഗ്സ് &സോഡ8/225 | 250/- | |
| 2 | ഡോളി ജേക്കബ്ബ് | കാർഷീക ഉപകരണവിൽപന 13/790,763 | 500/- | |
| 3 | എം.എം തോമസ് | സ്റ്റോൺ ക്രഷർ 9/77 | 5,00,000/- | പൊല്യൂഷൻ കൺട്രോൾ ബോർഡ്, കണ്ണൂരിൽ നിന്നും ലഭ്യമാക്കിയ സർട്ടിഫിക്കറ്റ് നം പിസിബി./ |

| | | | | |
|---|---|---|---|---|
| | | | | കെഎൻആർ/ എ.സി.ഒ/985/2007/ തീയ്യതി.16.12.17 പ്രകാരം സ്റ്റോൺ ക്രഷറിന്റെ മൂലധന നിക്ഷേപം 95 ലക്ഷം രൂപയാണ്. |
| 4 | എം.എം തോമസ് | ക്വാറി സർവ്വേ നം 839-1148 | 3,00,000/- | പൊല്ലൃഷൻ കൺട്രോൾ ബോർഡ്, കണ്ണൂരിൽ നിന്നും ലഭ്യമാക്കിയ സർട്ടിഫിക്കറ്റ് നം പിസിബി./ കെഎൻആർ/ എ.സി.ഒ/2593/2010/ തീയ്യതി.29.8.2018 പ്രകാരം ക്വാറിയുടെ മൂലധന നിക്ഷേപം 50 ലക്ഷം രൂപയാണ്. |
| 5 | വിശ്വനാഥൻ. എ | പെട്രോൾ പമ്പ് 10 /362 | 50,000/- | |
| 6 | ടി.എൻ ചാക്കോ | അരി,എണ്ണ, പഞ്ചസാര | 1000/- | |

അപാകതകൾക്ക് മറുപടി നൽകേണ്ടതാണന്ന് കാണിച്ച് സെക്രട്ടറിക്ക് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (9/29-3-21) ലഭ്യമാക്കിയ മറുപടി തൃപ്തികരമല്ല. ലൈസൻസ് അനുവദിക്കുന്നതിലും ഫീസ് ഈടാക്കുന്നതിലുമുള്ള അപാകങ്ങൾ പരിഹരിക്കേണ്ടതും ഭാവിയിൽ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

## 1-13 തൊഴിൽ നികുതി അപാകങ്ങൾ

കേളകം ഗ്രാമപഞ്ചായത്തിലെ 2019-2020 വർഷത്തെ തൊഴിൽ നികുതി പരിശോധനയിൽ താഴെ പറയുന്ന അപാകങ്ങൾ കാണപ്പെട്ടു

1) റിട്ടേണുകളിൽ വരുമാനം രേഖപ്പെടുത്തുന്നില്ല

2019-20 വർഷത്തെ വിവിധ സ്ഥാപനങ്ങളുടെ തൊഴിൽ നികുതി റിട്ടേണുകൾ പരിശോധിച്ചപ്പോൾ താഴെ പറയുന്ന വിവിധ സ്ഥാപനങ്ങൾ ജീവനക്കാരുടെ തൊഴിൽ നികുതി റിട്ടേണുകളിൽ യഥാർത്ഥ വരുമാനം രേഖപ്പെടുത്താതെ ഈടാക്കേണ്ട തൊഴിൽ നികുതി മാത്രം രേഖപ്പെടുത്തിയതായി കാണുന്നു. ആയതിനാൽ മേൽ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയത് ചട്ടപ്രകാരമാണോ എന്നത് വ്യക്തമല്ല. സ്ഥാപനങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു

| ക്രമനമ്പർ | സ്ഥാപനത്തിന്റെ പേര് |
|---|---|
| 1 | അക്ഷയ ഇ സെന്റർ |
| 2 | മലബാർ ഫിനാൻസ് |
| 3 | കേളകം കഷീരോത്പാദക സഹകരണ സംഘം |
| 4 | ഗ്രേയ്സ് ഹോസ്പിറ്റൽ |
| 5 | കേളകം ഫിനാൻസിയേഴ്സ് |
| 6 | ഇൻഡയ്ട്രിയൽ ഗ്യാസ് ഏജൻസി |
| 7 | ജെ ജെ ഫിനാൻസ് |
| 8 | വാത്യാട്ട് ഫിനാൻസ് |
| 9 | ഡേ റ്റു ഡേ സൂപ്പർ മാർക്കറ്റ് |
| | |

1) ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നില്ല

കേളകം ഗ്രാമപഞ്ചായത്തിൽ 2019-20 വർഷം താഴെ പറയുന്നവിവിധസ്ഥാപനങ്ങളിൽ ജോലിചെയ്തിരുന്നജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല .വിശദ വിവരം ചുവടെ ചേർക്കുന്നു

| ക്രമനമ്പർ | ഉടമയുടെ പേര് | സ്ഥാപനത്തിന്റെ പേര് | ജീവനക്കാരുടെ എണ്ണം (ലൈസൻസ് ഫീ അപേക്ഷ പ്രകാരം ) |
|---|---|---|---|
| 1 | ബിബീഷ് എബ്രഹാം | ജെ ജെ പോളിമേഴ്സ് | 3 |
| 2 | ടോമി ജോസഫ് ഇടമുറിയിൽ | സാന്ത്വനം പോളി ക്ലിനിക്ക് | 5 |
| 3 | മാനേജിങ്ങ് പാർട്നർ | മാതൃക കൺസ്ട്രക്ഷൻസ് | 3 |
| 4 | ഫൗസിയ കെ ഇസ്മയിൽ | ലൈഫ് കെയർ ഡയഗ്നോസ്റ്റിക്സ് | 2 |
| 5 | പോൾ വി കെ | ഓട്ടോ ഫിനാൻസ് | എണ്ണം ലഭ്യമല്ല |
| 6 | ജോയൽ ബേബി | സെന്റ് മേരീസ് ഡെന്റൽ ക്ലിനിക്ക | 4 പേർ (2 പേരുടെ ഈടാക്കിയിട്ടുണ്ട്) |
| 7 | ബിജോയ് വി എ | സിഗ്മ ബിൽഡേഴ്സ് &ഓൺലൈൻ സെന്റർ | എണ്ണം ലഭ്യമല്ല |
| 8 | ജിതിൻ പി എസ് | ജെ പി ബിൽഡേഴ്സ് | എണ്ണം ലഭ്യമല്ല |
| 9 | റിജോ ചാക്കോ | ജോയൽ ടൂറിസ്റ്റ് ഹോം | എണ്ണം ലഭ്യമല്ല |
| 10 | അനവദ്യ ജെ | വി ബികെ ഡെന്റൽക്ലിനിക്ക് | എണ്ണം ലഭ്യമല്ല |
| 11 | റോബിൻ എം ജെ | മീഡിയ ബ്രോഡ്കാസ്റ്റിങ്ങ് ഓഫീസ് | എണ്ണം ലഭ്യമല്ല |
| 12 | കൃഷ്ണപ്രിയ എം | സായ് ഡെന്റൽ ക്ലിനിക്ക് | 4(ഒരാളുടെ ഈടാക്കിയിട്ടുണ്ട്) |
| 13 | കെ എസ് ജോൺ | അനീഷ് വുഡ് ഇൻഡസ്ട്രീസ് | 5 |
| 14 | ഷിജില സന്തോഷ് | കുമാർ ഹോളോബ്രിക്സ് | 3 |
| 15 | പ്രേമരാജൻ കെ എസ് | പെട്രോൾ പമ്പ് | 4 |
| 16 | ബാബു വി എം | ഏയ്ഞ്ചൽ ഹോട്ടൽ &കാറ്ററിങ്ങ് | 8 |
| 17 | രജീഷ് കെ എം | ബയോകെയർ മെഡിക്കൽ ലാബ് | 2 |
| 18 | ജിതിൻ വർഗ്ഗീസ് | സോമിൽ | 5 |
| 19 | നൗഫൽ കെ | ആദംസ് ബേക്കറി | 3 |
| 20 | ഡോ വിശ്വനാഥൻ | പെട്രോൾ പമ്പ് | 6 |
| 21 | പുതിയപുരയിൽ മുഹമ്മദ് | ജാസ്മിൻ വസ്ത്രാലയം | 23 |
| 22 | കെ പി രാമകൃഷ്ണൻ | സൂര്യ ടെക്സ്റ്റയിൽസ് | 5 |
| 23 | ജെയിംസ് കെ എ | വിബ്ജിയർ ഇൻസ്റ്റിറ്റ്യൂട്ട് | എണ്ണം ലഭ്യമല്ല |
| 24 | സാറാമ്മജോസഫ് | അലൻസ് | എണ്ണം ലഭ്യമല്ല |

| | | |
|---|---|---|
| | | കമ്മയൂണിക്കേഷൻ &എഡ്യുക്കേഷണല സെന്റർ |

മേൽ പറഞ്ഞ അപാകങ്ങൾ സംബന്ധിച്ച് നൽകിയ എൻക്വയറി നമ്പർ 5,14 എന്നിവക്ക് നൽകിയ മറുപടിയിൽ റിട്ടേണുകളിൽ വരുമാനം രേഖപ്പെടുത്തിയത് പരിശോധിച്ച് മാത്രമേ ഭാവിയിൽ തൊഴിൽ നികുതി ഈടാക്കുകയുള്ളൂ എന്നും മേൽസ്ഥാപനങ്ങളിലെ ജീവനക്കാർ സ്ഥിരം ജീവനക്കാരല്ലെന്ന് ഉടമകൾ അറിയിച്ചിട്ടുണ്ടെന്നും മറുപടി നൽകിയിട്ടുണ്ട്. കേരള പഞ്ചായത്തിരാജ്ആക്ട് തൊഴിൽ നികുതി ചട്ടങ്ങളിലെ ചട്ടം 13 പ്രകാരം സെക്രട്ടറിക്ക് പഞ്ചായത്ത് പരിധിയിലെ ഏത് സ്ഥാപനത്തിന്റെയും തൊഴിലുടമയോടും സ്ഥാപനത്തിലെ ജീവനക്കാരുടെ ലിസ്റ്റ് ആവശ്യപ്പെടാവുന്നതാണ്. ആയതിന്റെ അടിസ്ഥാനത്തിൽ തൊഴിലുടമയിൽ നിന്ന് ജീവനക്കാരുടെ വരുമാനം സംബന്ധിച്ച് റിട്ടേൺ വാങ്ങിക്കേണ്ടതും തൊഴിൽ നികുതി ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതുമാണ്

## <u>1-14 വാണിജ്യാവശ്യത്തിനായി നമ്പർ നൽകിയ കെട്ടിടങ്ങളും എഫ് ടി & എസ് ഒ ലൈസൻസ് അനുവദിച്ചതും തമ്മിലുള്ള അന്തരം</u>

കേളകം ഗ്രാമപഞ്ചായത്ത് സഞ്ചയ സോഫ്റ്റ് വെയറിൽ നിന്നും ലഭ്യമായ റിപ്പോർട്ട് പ്രകാരം താഴെ പറയുന്ന എണ്ണം കെട്ടിടങ്ങൾക്ക് വാണിജ്യാവശ്യത്തിനായി കെട്ടിടനമ്പർ നൽകിയതാണ് .വിശദ വിവരം ചുവടെ ചേർക്കുന്നു

| കെട്ടിടത്തിന്റെ തരം | എണ്ണം |
|---|---|
| ഓ200ച മീറ്ററിന് മുകളിൽ വിസ്തീർണ്ണമുള്ള സൂപ്പർ മാർക്കറ്റുകൾ ,ഷോപ്പിംഗ് മാളുകൾ | 4 |
| 100 ച മീറ്റർ വരെ വിസ്തീർ ണ്ണമുള്ള ഹോട്ടൽ ,റസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗണുകൾ | 1233 |
| 100 ച മീറ്ററിന് മുകളിൽ വിസ്തീർണ്ണമുള്ള ഹോട്ടൽ ,റസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗണുകൾ | 246 |
| അസംബ്ളി കൺവെൻഷൻ സെൻ്ററുകൾ, | 26 |
| ആകെ | 1509 |

വാണിജ്യാവശ്യത്തിനായി നമ്പർ അനുവദിച്ച 1509കെട്ടിടങ്ങൾ നിലവിലുണ്ടെങ്കിലും ലൈസൻസ് പെർമിഷൻ രജിസ്റ്റർ പ്രകാരം 542 സ്ഥാപനങ്ങൾക്ക് മാത്രമേ 2019-20 വർഷം ലൈസൻസ് അനുവദിച്ചിട്ടുള്ളൂ. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ 5/9/2019 ലെ നമ്പർ 28/19 തീരുമാനപ്രകാരംകേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ 232 അനുസരിച്ചുള്ള വാണിജ്യാവശ്യത്തിനായി നമ്പർ നൽകിയ കെട്ടിടങ്ങൾ ലൈസൻസ് എടുക്കാത്തതിനെതിരെ വിജ്ഞാപനം ചെയ്യുന്നതിനും അവർക്കെതിരെ കർശന നടപടികൾസ്വീകരിക്കുന്നതിനും തീരുമാനമെടുത്തിട്ടുണ്ട്. കൂടാതെ ആകെ വാണിജ്യാവശ്യത്തിന് നമ്പർ അനുവദിച്ച പകുതി കെട്ടിടങ്ങൾ പോലും ലൈസൻസ് എടുത്തതായി കാണുന്നില്ല . ലൈസൻസ് എടുക്കാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നത് ഗുരുതരമായ വീഴ്ചയായി കണക്കാക്കുന്നു. തുടർ നടപടി സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## <u>1-15 ദുരിതാശ്വാസനിധി -കൈപ്പറ്റിയതിനുള്ള രസീത് ഹാജരാക്കിയിട്ടില്ല</u>

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേക്ക് സംഭാവന നൽകുന്നതിനായി ജീവനക്കാരുടെ ശമ്പളത്തിൽ നിന്നും പൊതുജനങ്ങളിൽ നിന്നും സമാഹരിച്ച മുഴുവൻ തുകയുടെ വിവരവും കൈമാറിയതിന്റെ രേഖകളും കൈപ്പറ്റ് രശീതിയും ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.ആയത് പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

## <u>1-16 പാലിയേറ്റീവ് ഹോം കെയർ പരിപാടി - പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ.</u>

1,25,000/-രൂപ തടസ്സത്തിൽ വെക്കുന്നു.

പാലിയേറ്റീവ് ഹോം കെയർ പരിപാടി എന്ന പദ്ധതിക്കായി വികസനഫണ്ടിൽ നിന്ന് 5,00,000/-രൂപയും ജില്ലാ പഞ്ചായത്ത് വിഹിതമായി ലഭിച്ച 1,77,400/- രൂപയും ഉൾപ്പെടെ ആകെ 6,77,400/- രൂപ 2019-20 വർഷം നിർവ്വഹണോദ്യോഗസ്ഥനായ മെഡിക്കൽ ഓഫീസർ ചെലവഴിച്ചിട്ടുണ്ട് .പദ്ധതി നിർവ്വഹണത്തിന്റെ വിശദാംശങ്ങൾ താഴെ നൽകുന്നു.

| | |
|---|---|
| പ്രോജക്ടന്റെ പേര് | പാലിയേറ്റീവ് ഹോം കെയർ പരിപാടി |
| പ്രോജക്ട് നം | 22/2019-20 |
| അടങ്കൽ | 7,50,000/-<br>(5,00,00/-വികസനഫണ്ട് + 2,50,00/- ജില്ലാ പഞ്ചായത്ത് വിഹിതം) |
| ചെലവ് | 6,77,400/-(5,00,000/- വികസനഫണ്ട് +1,77,400/-ജില്ലാ പഞ്ചായത്ത് വിഹിതം) |
| ബിൽ നം | 79,000/-2/19-20 25.6.2019<br>39,500/-3/19-20 9.7.2019<br>39,500/- 4/19-20 16.8.2019<br>39,500/-5/19-20 6.9.2019<br>39,500/-6/19-20 15.10.2019<br>39,500/- (തുക പിൻവലിച്ച വിവരം ബിൽ<br>ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല)<br>39,500/-8/19-20 26.12.2019<br>39,500/-9/19-20 17.1.2020<br>39,500/-10/19-20 17.2.2020<br>12,400/- 11/19-20 27.2.2020<br>30,000/-12/19-20 27.2.2020<br>39,500/-13/19-20 7.3.2020<br>41,230/- 14/19-20 10.3.2020<br>10,000/- 15/19-20 10.3.2020<br>1,25,000/-16/19-20 21.1.2020<br>24,270/- 19/19-20 31.3.20 |
| നിർവ്വഹണോദ്യാഗസ്ഥൻ | മെഡിക്കൽ ഓഫീസർ |

മേൽ പട്ടികയിൽ കാണിച്ച പദ്ധതിയുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട ഫയൽ , ബിൽബുക്ക്, ചെലവ് രേഖകൾ എന്നിവ പരിശോധിച്ചപ്പോൾ താഴെ പറയുന്ന അപാകതകൾ കണ്ടെത്തിയിട്ടുണ്ട്.

1. വികസനഫണ്ടിൽ നിന്ന് ചെലവഴിച്ച 39,500/- രൂപ ട്രഷറി ബിൽബുക്കിൽ രേഖപ്പെടുത്തിയതായി കാണുന്നില്ല.

നിർവ്വഹണോദ്യോഗസ്ഥനായ മെഡിക്കൽ ഓഫീസർ പാലിയേറ്റീവ് കെയർ പരിപാടിക്കായി വികസനഫണ്ടിൽ നിന്ന് ആകെ ചെലവഴിച്ചത്5,00,000/-രൂപയാണെന്ന് പഞ്ചായത്തിലെ ചെലവ് പത്രിക പ്രകാരം വ്യക്തമാവുന്നുണ്ട്. 2019 ഒക്ടോബർ മാസത്തെ പാലിയേറ്റീവ് കെയർ പ്രവർത്തനത്തിന്റെ ചെലവുകളായ നേഴ്സിന്റെ

ഓണറേറിയം,ഫോൺ ചാർജ്, പാലിയേറ്റീവ് അംഗങ്ങളുടെ ഭക്ഷണചെലവ്, വണ്ടി വാടക എന്നിവയെല്ലാം കൂടി ആകെ 39,500/-രൂപയുടെ ചെലവും മേൽ 5,00,000/- രൂപയുടെ ചെലവിൽ ഉൾപ്പെടുന്നതാണ്.മേൽ കാണിച്ച 39,500/-രൂപയുടെ ചെലവ് രേഖകൾ നിർവ്വഹണോദ്യോഗസ്ഥൻ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടുമുണ്ട്. എന്നാൽ ഈ 39,500/- രൂപ ട്രഷറിയിൽ നിന്ന് പിൻവലിച്ചതായി നിർവ്വഹണോദ്യോഗസ്ഥൻ പരിശോധനയ്ക്കായി ഹാജരാക്കിയ ബിൽ ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല.

2. <u>പാലിയേറ്റീവ് കെയർ പരിപാടിക്ക് 1,25,000/-രൂപയ്ക്ക് മരുന്ന് വാങ്ങിയതിന്റെ ചെലവ് രേഖകൾ ഹാജരാക്കിയിട്ടില്ല.</u>

വികസനഫണ്ട് കൂടാതെ ജില്ലാ പഞ്ചായത്ത് വിഹിതമായ 1,77,400/-രൂയും പാലിയേറ്റീവ് കെയർ പരിപാടിക്ക് ചെലവഴിച്ചിട്ടുണ്ട്. ഇതിൽ 31.3.2020ന് ബിൽ നം 16/19-20 ആയി പിൻവലിച്ച 1,25,000/-രൂപ മരുന്ന് വാങ്ങുന്നതിന് വേണ്ടിയാണ് വിനിയോഗിച്ചത് . കേരളാ മെഡിക്കൽ സർവ്വീസ് കോർപ്പറേഷന്റെ പഞ്ചാബ് നാഷനൽ ബാങ്കിലുള്ള അക്കൗണ്ട് നം 3624001800000019 എന്നതിലേക്ക് 21.1.2020 ന് തുക കൈമാറിയിട്ടുണ്ട്. എന്നാൽ മരുന്ന് ലഭ്യമായതിന്റെ ബിൽ,സ്റ്റോക്ക് വിവരം , മരുന്ന് വിതരണ വിവരം എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ചെലവ് രേഖകൾ ഹാജരാക്കാത്തതിനാൽ 1,25,000/-രൂപ തടസ്സത്തിൽ വെക്കുന്നു.

<u>3 തുക ഗുണഭോക്താക്കളുടെ അക്കൗണ്ടിൽ നൽകുന്നതിനു പകരം പണമായി നേരിട്ട് നൽകി</u>

പാലിയറ്റീവ് കുടുബ സംഗമം, പാലിയേറ്റീവ് ദിനാചരണം എന്നിവയ്ക്കായി വികസനഫണ്ടിൽ നിന്ന് 41,230/- രൂപയും, ജില്ലാ പഞ്ചായത്ത് വിഹിതത്തിൽ നിന്ന് 52,400/- രൂപയും ചെലവഴിച്ചിട്ടുണ്ട്. തുക ചെലവഴിച്ചതുമായി ബന്ധപ്പെട്ട വിശദാംശങ്ങളും അപാകതകളും താഴെ പറയുന്നു.

| ക്രമ നം | ചെലവഴിച്ച തുക | ചെലവ് വിവരം/ രശീതി | തുക കൈപ്പറ്റിയത് | അപാകതകൾ |
|---|---|---|---|---|
| 1 | 1650/-<br>1500/-<br>330/- | സ്റ്റേഷനറി 260/13.1.20<br>299/9.3.20<br>13.1.20(ബിൽനം ഇല്ല) | കല്യാണ ബുക്സ്<br>"<br>എം.സ് ഇലക്ട്രിക്കൽസ് | 1.തുക, എച്ച്.ഐ ശ്രീ.രാജീവ് പിജിയുടെ അക്കൗണ്ടിൽ നിർവ്വഹണോദ്യോഗസ്ഥൻ നൽകി. ടിയാൾ തുക പിൻവലിച്ച് പണമായി ഗുണഭോക്താക്കൾക്ക് നൽകി.<br>2.ഗുണഭോക്താക്കളുടെ കൈപ്പറ്റ് രശീത് ഇല്ല |
| 2 | 2000/-<br>1000/- | ബാനർ 32/7.1.20<br>31/4.1.20 | ഷാഡോ ആർട്സ് | " |
| 3 | 3350/- | പ്രിന്റിംഗ്4200/3.1.20 | സൂസിയ പ്രിന്റേർസ് | " |
| 4 | 8500/-<br>1150/-<br>2100/- | മൈക്ക് വാടക978/14.1.20<br>13/10.3.20<br>969 / 14.1.20 | രാഗം ലൈറ്റ് & സൗണ്ട് | " |
| 5 | 6000/-<br>1000/-<br>3200/-<br>2800/-<br>2900/-<br>600/- | വാഹന വാടക(വൗച്ചർനം ഇല്ല) | അഗസ്റ്റിൻ<br>ജിൻസ്<br>ബൈജു<br>സുനി<br>അശോകൻ<br>ബിനോയി | തുക, എച്ച്.ഐ ശ്രീ.രാജീവ് പിജിയുടെ അക്കൗണ്ടിൽ നിർവ്വഹണോദ്യാഗസ്ഥൻ നൽകി. ടിയാൾ തുക പിൻവലിച്ച് പണമായി ഗുണ ഭോക്താക്കൾക്ക് നൽകി. |
| 6 | 1500/-<br>1000/- | എന്റർടെയിൻ മെന്റ് ചാർജ് | ശ്രീജിത്ത് & സുരേഷ് | " |

| | | | | |
|---|---|---|---|---|
| | 500/-<br>1000/-<br>1500/-<br>1000/- | | ഷീജ<br>ഷിന്റോജോസ്,<br>മേരി,<br>മണി .ടി.പി,<br>ഷേർലിജോസ് | |
| 7 | 1500/- | ക്ലീനിംഗ് ചാർജ് | ഫിലിപ്പ് | " |
| 8 | 1500/-<br>500/- | ഫോട്ടോ521/14.1.20<br>375/14.1.20 | ജെ.കെ ഡിജിറ്റൽ സ്റ്റുഡിയോ | 1.തുക, എച്ച്. ഐ ശ്രീ. രാജീവ് പിജിയുടെ അക്കൗണ്ടിൽ നിർവ്വഹണോദ്യാഗസ്ഥൻ നൽകി. ടിയാൾ തുക പിൻവലിച്ച് പണമായി ഗുണ ഭോക്താക്കൾക്ക് നൽകി. 2.ഗുണഭോക്താക്കളുടെ കൈപ്പറ്റ് രശീത് ഇല്ല |
| 9 | 8200/- | ലഘു ഭക്ഷണം22/14.1.20 | തനിമ കാറ്ററിംഗ് | 1.തുക, എച്ച്.ഐ ശ്രീ. രാജീവ് പിജിയുടെ അക്കൗണ്ടിൽ നിർവ്വഹണോദ്യാഗസ്ഥൻ നൽകി. ടിയാൾ തുക പിൻവലിച്ച് പണമായി ഗുണ ഭോക്താക്കൾക്ക് നൽകി. 2.ഗുണഭോക്താക്കളുടെ കൈപ്പറ്റ് രശീത് ഇല്ല |
| 10 | 30,000/- | ഭക്ഷണം വൗച്ചർ നം 1 | സിദ്ധാർത്ഥ് കേളോത്ത് | ഭക്ഷണം നൽകിയ സ്ഥാപനത്തിന്റെ ബിൽ ഇല്ല |
| 11 | 350/- | ബാനർ 174/9.3.20 | ഇന്ദുകല ആർട്ടിസ്റ്റസ് | ഗുണഭോക്താവിന്റെ കൈപ്പറ്റ് രശീത് ഇല്ല |
| | 7000/- | ഭക്ഷണം182/10.3.20 | നോവ റസ്റ്റോറന്റ് | തുക, എച്ച്. ഐ ശ്രീ. രാജീവ് പിജിയുടെ അക്കൗണ്ടിൽ നിർവ്വഹണോദ്യാഗസ്ഥൻ നൽകി. ടിയാൾ തുക പിൻവലിച്ച് പണമായി ഗുണഭോക്താക്കൾക്ക് നൽകി.2.ഗുണഭോക്താവിന്റെ കൈപ്പറ്റ് രശീത് ഇല്ല |

അപാകതകൾക്ക് മറുപടി നൽകണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം16തീയതി 29.3.2021 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. തടസ്സങ്ങൾ പരിഹരിക്കേണ്ടതാണ്.

## <u>1-17 പി.എച്ച്.സി യിലേക്ക് മരുന്ന് വാങ്ങൽ -മരുന്ന് ലഭ്യമായതിന്റെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല-ചെലവ് തുക18,996/-തടസ്സത്തിൽവെക്കുന്നു</u>

പഞ്ചായത്തിലെ പി.എച്ച്.സി യിലേക്ക് മരുന്ന് വാങ്ങുന്നതിനായി മെയിന്റനൻസ് ഫണ്ട് നോൺ റോഡ് എന്ന ഹെഡിൽ നിന്നും 2019-20 വർഷം 4,50,000/- രൂപ ചെലവഴിച്ചിട്ടുണ്ട് .വിശദാംശങ്ങൾ താഴെ നൽകുന്നു.

| | |
|---|---|
| പ്രോജക്റ്റിന്റെ പേര് | പി.എച്ച്.സി യിലേക്ക് മരുന്ന് വാങ്ങൽ |
| പ്രോജക്റ്റ് നം | 23/2019-20 |
| അടങ്കൽ | 4,50,000/-മെയിന്റനൻസ് ഫണ്ട് നോൺ റോഡ് |
| | |

| | |
|---|---|
| ചെലവ് | 4,50,000/- |
| ബിൽ നം | 7/19-20/15.10.2019- |
| നിർവ്വഹണോദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ |

മരുന്ന് ലഭ്യമാക്കുന്നതിനായി 16.10.2019 ന് നിർവ്വഹണോദ്യോഗസ്ഥനായ മെഡിക്കൽ ഓഫീസർ 4,50,000/-രൂപ കേരളാ മെഡിക്കൽ സർവ്വീസ് കോർപ്പറേഷന്റെ പഞ്ചാബ് നാഷനൽ ബാങ്കിലെ അക്കൗണ്ട് നം 3624001800000019 എന്നതിലേക്ക് ക്രഡിറ്റ് ചെയ്തിട്ടുണ്ട്. എന്നാൽ 4,31,004/- രൂപയുടെ മരുന്ന് ലഭ്യമായതിന്റെ ഫയൽ മാത്രമേ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടുള്ളൂ . 18,996/- രൂപയുടെ മരുന്ന് ലഭ്യമായ വിവരം ഹാജരാക്കിയിട്ടില്ല .ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ്എൻക്വയറി(8തീയതി 29.3.2021)ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. 18,996/-രൂപ തടസ്സത്തിൽ വെക്കുന്നു.

## 1-18 എസ്.എസ്.എ വിഹിതം നൽകൽ - വിനിയോഗ സാക്ഷ്യ പത്രം ഹാജരാക്കിയിട്ടില്ല.ചെലവ് തുക 10,00,000/- രൂപ തടസ്സത്തിൽവെക്കുന്നു.

എസ്.എസ്.എ വിഹിതം നൽകൽ എന്ന പദ്ധതിക്ക് 2019-20 വർഷം വികസനഫണ്ടിൽ നിന്ന് 10,00,000/- രൂപ ചെലവഴിച്ചിട്ടുണ്ട്.വിശദാംശങ്ങൾ താഴെ നൽകുന്നു.

| | |
|---|---|
| പ്രോജക്റ്റിന്റെ പേര് | എസ്.എസ് .എ വിഹിതം നൽകൽ |
| പ്രോജക്റ്റ് നം | 25/2019-20 |
| അടങ്കൽ | 10,00,000/-വികസനഫണ്ട്. |
| ചെലവ് | 10,00,000/- |
| ബിൽ നം | 1/19-20/30.7.2019 |
| നിർവ്വഹണോദ്യോഗസ്ഥൻ | ഹെഡ്മാസ്റ്റർ |

എസ്.എസ്.എ കണ്ണൂർ ജില്ലാ പ്രൊജക്റ്റ് ഓഫീസറുടെ കനറാ ബാങ്ക്, കണ്ണൂർ ശാഖയിലെ അക്കൗണ്ട് നം 704101110720 എന്നതിലേക്കാണ് തുക അനുവദിച്ചത് എന്നാൽ തുക ചെലവഴിച്ചതിന്റെ വിനിയോഗ വിവരം പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല ആയത് പരിശോധനയ്ക്ക് ലഭ്യമാക്കുവാനുള്ള ഓഡിറ്റ് എൻക്വയറി (20/29-3-21)ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ചെലവ് തുക10,00,000/- രൂപ തടസ്സത്തിൽവെക്കുന്നു.

## 1-19 പ്രേരക്മാരുടെ ഹോണറേറിയം -അഡ്വാൻസ് തുക തിരികെ ലഭിച്ചില്ല

വാർഷികധനകാര്യ പത്രികയുടെ B-18 ഷെഡ്യൂൾ പ്രകാരം Other Advances എന്ന ഹെഡിൽ ₹111,251 തിരികെ ലഭിക്കുവാനുള്ളതായി കാണിച്ചിട്ടുണ്ട്. അഡ്വാൻസ് രജിസ്റ്റർ പ്രകാരം ഈ തുക സാക്ഷരതാ പ്രേരക് മാർക്ക് ഹോണറേറിയം കൊടുത്ത തുകയാണ്. വിശദവിവരം ചുവടെ കൊടുക്കുന്നു.

| വൗച്ചർ നമ്പർ&തീയ്യതി | തുക | വർഷം |
|---|---|---|
| 41500294/31-03-2016 | 8300 | 2015-2016 |
| 41600296/31-03-2017 | 102951 | 2016-2017 |

സാക്ഷരതാപ്രേരക് മാർക്ക് ഹോണറേറിയം നൽകുന്നതിനായി തനത്ഫണ്ടിൽ നിന്നും മുൻകൂറായി ചെലവഴിക്കുന്ന തുക സാക്ഷരതാമിഷനിൽനിന്നും തിരികെ ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 15 Dated : 29-03-2021)ഹോണറേറിയം നൽകിയത് തിരികെ ലഭിക്കുന്നതിനായി കത്ത് നൽകിയെങ്കിലും നാളിതുവരെയായി തിരികെ ലഭിച്ചില്ലെന്നും വീണ്ടും കത്ത് നൽകുന്നതാണെന്നുമാണ് മറുപടി നൽകിയത്. തുക തിരികെ ലഭ്യമാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-20 ഫലപ്രാപ്തിയിലെത്താതെ മാലിന്യ നിർമാർജ്ജനപദ്ധതികൾ

ഗ്രാമപഞ്ചായത്തുകളുടെ അനിവാര്യ ചുമതലകളിൽ പെട്ടതാണ് മാലിന്യനിർമാർജനം. ഖരമാലിന്യങ്ങളുടെ

നിർമാർജ്ജനത്തിനായി കേളകംഗ്രാമപഞ്ചായത്തിലും പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുകയുണ്ടായി. എന്നാൽ ദീർഘവീക്ഷണമില്ലാതെയും മതിയായ ആസൂത്രണമില്ലാതെയും കൂടിയാലോചനകളില്ലാതെയും നടപ്പിൽ വരുത്തിയത് കാരണം ഗ്രാമപഞ്ചായത്തിന്റെ പദ്ധതികൾ ഫലപ്രാപ്തിയിലെത്താതെ പാഴ്ച്ചെലവുകളായി മാറിപ്പോയതായി ഓഡിറ്റിൽ കണ്ടെത്തുകയുണ്ടായി.

2017-18 വർഷം 916985 രൂപയും 2018-19 വർഷത്തിൽ 157636/- രൂപയും ചെലവഴിച്ച് സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി പ്ലാസ്റ്റിക് ഷ്രഡ്ഡിങ് മെഷീൻ യൂണിറ്റ് സ്ഥാപിക്കുകയുണ്ടായി. എന്നാൽ നാളിതുവരെയായി യൂണിറ്റ് പ്രവർത്തനം ആരംഭിച്ചിട്ടില്ല.തദ്ദേശവാസികളുടെ എതിർപ്പ് കാരണം പ്രസ്തുത സംരംഭം പ്രവർത്തനമാരംഭിക്കാൻ സാധിച്ചിട്ടില്ലെന്നാണ് നിർവ്വഹണോദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയത്.

ഗ്രാമപഞ്ചായത്തിലെ അടക്കാത്തോട് ഗവ.യു.പി സ്കൂളിൽ 2018-19ൽ സമഗ്രമാലിന്യപരിപാലന പ്രോജക്ട് പ്രകാരം 143949 രൂപ ചെലവഴിച്ച് ജൈവമാലിന്യങ്ങളുടെ സമഗ്രമാലിന്യ പരിപാലനത്തിനായി തുമ്പൂർമുഴി മോഡൽ കമ്പോസ്റ്റിംഗ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. 2018-19 വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി 24-02-20 ന് പ്രസ്തുത സംവിധാനം ഭൗതിക പരിശോധന നടത്തിയതിൽ ആയതിന്റെ പ്രവർത്തനം ഫലപ്രദമല്ലെന്ന് കാണുകയുണ്ടായി. ഇതിന്റെ പരിപാലന രീതി, ഉപയോഗക്രമം ഇവ സംബന്ധിച്ച് അധ്യാപകർക്കും വിദ്യാർത്ഥികൾക്കും മതിയായ ബോധവത്കരണം നൽകാത്തതിനാലാണ് ഈ പദ്ധതി ഫലപ്രാപ്തിയിലെത്താതെ പോയതെന്നാണ് മനസിലാക്കാൻ സാധിച്ചത്.

കേളകം ഗ്രാമപഞ്ചായത്തിന്റെ മറ്റൊരു മാലിന്യ നിർമാർജന പദ്ധതിയാണ് ബസ് സ്റ്റാന്റിൽ സ്ഥാപിച്ചിട്ടുള്ള ഇൻസിനറേറ്റർ. 2013-14 വാർഷിക പദ്ധതി പ്രകാരം നിർമൽ പുരസ്കാരം തുക ഉപയോഗപ്പെടുത്തിയാണ് മേൽ ഇൻസിനറേറ്റർ സ്ഥാപിച്ചിട്ടുള്ളത്. 2018-19 വർഷം 71541 രൂപയും 2019-20 വർഷം 118459 രൂപയും സ്റ്റീൽ ടെക്ക് കോർട്ട് സോലൂഷൻസ് പ്രൈവറ്റ് ലിമിറ്റഡ്, കോഴിക്കോടിന് നൽകി പ്രസ്തുത പ്ലാന്റിന്റെ തകരാറുകൾ പരിഹരിച്ച് പ്രവർത്തനക്ഷമമാക്കിയെങ്കിലും ആയത് നിലവിൽ പ്രവർത്തനരഹിതമാണ്. ഹൈക്കോടതിയുടെ ഉത്തരവുകൾ പ്രകാരം പ്ലാസ്റ്റിക് മാലിന്യങ്ങളും കടലാസ് ഉൾപ്പെടെയുള്ള മാലിന്യങ്ങളും ഇൻസിനറേറ്ററിൽ പൊതുസ്ഥലത്ത് കത്തിക്കുന്നത് നിരോധിച്ചിട്ടുള്ളതിനാലും കേരള മലിനീകരണ നിയന്ത്രണബോർഡ് നിഷ്കർഷിച്ചിട്ടുള്ള നിയന്ത്രണങ്ങൾ പാലിക്കേണ്ടതുള്ളതിനാലും ഇൻസിനറേറ്ററിൽ മാലിന്യങ്ങൾ കത്തിക്കുന്നത് സംബന്ധിച്ച് പൊതുജനങ്ങളുടെ പരാതികൾ നിലനിൽക്കുന്നതിനാലും ഇൻസിനറേറ്റർ പൊളിച്ചു നീക്കാനും ഉപയോഗശൂന്യമായ ഭാഗങ്ങൾ ആക്രിക്ക് നൽകാനും 19-02-21ലെ പഞ്ചായത്ത് യോഗം(33/2021(2) നമ്പർ) തീരുമാനിച്ചിട്ടുണ്ട്.

**പദ്ധതികൾ ആസൂത്രണം ചെയ്യുന്ന ഘട്ടത്തിൽ തന്നെ അവയുടെ പ്രായോഗികതയും വിജയസാധ്യതയും ഉറപ്പുവരുത്താൻ ശ്രദ്ധിക്കേണ്ടതാണ്.**

## 1-21 കശുമാവ് ഗ്രാഫ്റ്റ് തൈ വിതരണം - പദ്ധതി നിർവ്വഹണത്തിലെ അപാകങ്ങൾ സംബന്ധിച്ച്

| | |
|---|---|
| നിർവ്വഹണം | കൃഷി ഓഫീസർ |
| പ്രോജക്ട് | കശുമാവ് ഗ്രാഫ്റ്റ് തൈ വിതരണം |
| പ്രോജക്ട് നം. | 158/20 |
| അടങ്കൽ | 100000/-വികസന ഫണ്ട് (ജനറൽ) |
| ഫണ്ട് | വികസന ഫണ്ട് (ജനറൽ) |
| ചെലവ് | 100000/-വികസന ഫണ്ട് (ജനറൽ) |
| ബിൽ നം. തി. | 3/19-20 /22.01.2020 |

പദ്ധതി നിർവ്വഹണത്തിൽ ഓഡിറ്റിന്റെ ശ്രദ്ധയിൽ പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു

1) കശുമാവിൻ തൈകൾ കാഷ്യൂ കോർപറേഷനിൽ നിന്നും സൗജന്യമായി വാങ്ങിക്കണം എന്ന സ.ഉ.(കൈ) നം.22 / 2018/തസ്വഭവ.തി.14.02.2018 പദ്ധതി മാർഗ്ഗരേഖ പ്രകാരമുള്ള നിബന്ധന പാലിച്ചിട്ടില്ല.

2) കശുമാവിൻ തൈകൾ വാങ്ങിച്ചത് കേരള പ്ലാന്റേഷൻ കോർപറേഷൻ- ൽ നിന്നുമാണ് എന്നാൽ കശുമാവിൻ തൈകൾ വാങ്ങിച്ചതിന്റെ ഇൻവോയ്സ് ഓഡിറ്റ് പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

3) കൃഷി ചെയ്യുന്ന സ്ഥലത്തിന്റെ വിസ്തൃതിയുടെ അടിസ്ഥാനത്തിൽ തൈകൾ വിതരണം ചെയ്യണം എന്ന സ.ഉ.(കൈ) നം.22 / 2018/തസ്വഭവ.തി.14.02.2018 പദ്ധതി മാർഗ്ഗരേഖ പ്രകാരമുള്ള നിബന്ധന പൂർണ്ണമായും പാലിച്ചിട്ടില്ല.

4) പദ്ധതിയുടെ വിശദമായ മോണിറ്ററിംഗ് റിപ്പോർട്ട്, പദ്ധതി പൂർത്തീകരണ സാക്ഷ്യ പത്രം എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

പദ്ധതി നടത്തിപ്പിലും മോണിറ്ററിങ്ങിലും വന്നിട്ടുള്ള അപാകങ്ങളാണ് ഇക്കാര്യങ്ങൾ സൂചിപ്പിക്കുന്നത്. പദ്ധതികൾ ഫലപ്രദമായ മോണിറ്ററിങ്ങിന് വിധേയമാക്കേണ്ടതാണ്.

## 1-22 ടെണ്ടർ നടപടികളിൽ സുതാര്യതയും മത്സരക്ഷമതയും ഉറപ്പാക്കുന്നില്ല

2019-20 വർഷത്തിൽ അംഗീകാരം ലഭിച്ച 98 മരാമത്ത് പ്രവൃത്തികളിൽ 53 എണ്ണമാണ് നടപ്പാക്കിയത്. ബാക്കി 45 എണ്ണം ഓഡിറ്റ് വർഷം ചെലവ് ഇല്ലാത്തതാണ്. ആകെ 31 എണ്ണം സ്പിൽ ഓവർ പ്രോജക്ടുകളായിരുന്നു. ഇതിൽ 3 പ്രവൃത്തികൾ നടപ്പാക്കിയിട്ടില്ല. ഓഡിറ്റ് വർഷം വകയിരുത്തിയ ആകെ തുക 35336962/- രൂപയാണ്. ഇതിൽ 13621542/- രൂപ മാത്രമാണ് ചെലവഴിച്ചത്. ആകെ ചെലവ് 38.54% മാത്രം.

ടെണ്ടർ ചെയ്ത മിക്ക പ്രവൃത്തികളിലും രണ്ട് കരാറുകാർ മാത്രമാണ് ടെണ്ടർ സമർപ്പിച്ചിട്ടുള്ളത്. ഇവയിൽ ഒരു കരാറുകാരൻ എസ്റ്റിമേറ്റ് നിരക്കിലും മറ്റേയാൾ എസ്റ്റിമേറ്റിനെക്കാൾ ഉയർന്ന നിരക്കിലും ടെണ്ടർ രേഖപ്പെടുത്തുന്നു. ഇ ടെണ്ടർ ചെയ്ത പ്രവൃത്തികളിലും മേൽപ്പറഞ്ഞ രീതിയിൽ രണ്ട് കരാറുകാർ മാത്രമാണ് ടെണ്ടർ സമർപ്പിച്ചിട്ടുള്ളത്. ടെണ്ടറിൽ പങ്കെടുക്കുന്ന കരാറുകാർ സ്ഥാപനത്തിന് പുറത്ത് വെച്ച് പ്രവൃത്തികൾ എസ്റ്റിമേറ്റ് നിരക്കിൽ ഏറ്റെടുക്കുന്നതിന് ധാരണയിലെത്തുന്നതായി ലഭിച്ച ടെണ്ടറുകളുടെ എണ്ണവും ക്വോട്ട് ചെയ്ത നിരക്കുകളും പരിശോധിച്ചതിൽ നിന്നും വ്യക്തമാവുന്നു. ഈ പ്രവണത പൊതുമരാമത്ത് പ്രവൃത്തികളുടെ നടത്തിപ്പിലെ സുതാര്യത ഇല്ലാതാക്കുന്നു. മാത്രമല്ല ഇങ്ങനെ ധാരണയിലെത്തുന്നത് പഞ്ചായത്തിന്റെ ഉത്തമ സാമ്പത്തിക താല്പര്യത്തിന് നിരക്കുന്നതുമല്ല. ടെണ്ടറിംഗിൽ മത്സരക്ഷമതയും സുതാര്യതയും ഉറപ്പുവരുത്താനും അതുവഴി പ്രവൃത്തിയുടെ ചെലവ് കുറയ്ക്കാനും പഞ്ചായത്തിന്റെ ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റി സംയോജിത ഇടപെടൽ നടത്തേണ്ടതും ജാഗ്രത പുലർത്തേണ്ടതുമാണ്.

## 1-23 ഹരിത ഭവനം - പദ്ധതി നിർവ്വഹണത്തിലെ അപാകങ്ങൾ

| | |
|---|---|
| നിർവ്വഹണം | കൃഷി ഓഫീസർ |
| പ്രോജക്ട് | വീടുകൾ ഹരിത ഭവനം |
| പ്രോജക്ട് നം. | 98/ 20 |
| അടങ്കൽ | 100000/-വികസന ഫണ്ട് (ജനറൽ)<br>100000 (ഗുണഭോക്തൃവിഹിതം നേരിട്ട് ) |
| ചെലവ് | 39860/- |
| ബിൽ നം. തി. | 6/19-20 /21.01.2020 |

നാമമാത്ര ചെറുകിട കർഷകർക്ക് വീട്ടു വളപ്പിൽ കൃഷിയോഗ്യമായ സ്ഥലത്ത് ജൈവ കൃഷി നടത്തുന്നതിനും വീട്ട് വളപ്പിൽ പെയ്തിറങ്ങുന്ന മഴവെള്ളം പുരയിടത്തിൽ തന്നെ ഉള്ള കിണറ്റിനരികിൽ കിനിഞ്ഞിറങ്ങുന്നതിനുള്ള സൌകര്യമൊരുക്കുന്നതിനും മേൽക്കൂരയിലെ മഴവെള്ളം കിണർ റീ ചാർജ്ജിംഗ് പിറ്റിലേക്ക് എത്തിക്കുന്നതിനും വീട്ടുവളപ്പിലെ എല്ലാ മാലിന്യങ്ങളും പരിസ്ഥിതി സൗഹൃദമായി ജൈവവളമാക്കുക,വളക്കുഴി നിർമ്മിക്കുക തുടങ്ങിയ പ്രവൃത്തികൾക്കുമായി സബ്സിഡിയായി 20000/- രൂപ വീതം 13 ഭവനങ്ങൾക്ക് എൽ.എസ്.ജി.ഡി അസി.എഞ്ചിനീയറുടെ വാല്യുവേഷൻ പ്രകാരം തെരഞ്ഞെടുത്ത ഗുണഭോക്താവിന് അക്കൌണ്ടിലേക്ക് നൽകുകയും ചെയ്യുന്നതിനാണ് പദ്ധതി നടപ്പാക്കിയത്. നിർവ്വഹണത്തിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

സ.ഉ.(കൈ) നം.22 / 2018/തസ്വഭവ.തി.14.02.2018 പ്രകാരമുള്ള പദ്ധതി മാർഗ്ഗരേഖയിൽ വീട്ടുവളപ്പിലെ കൃഷിയോഗ്യമായ എല്ലാ സ്ഥലത്തും ജൈവകൃഷി നടത്തുക, വീട്ടുവളപ്പിൽ പെയ്തിറങ്ങുന്ന മഴവെള്ളം പുരയിടത്തിനു പുറത്തു പോകാതെ അത് കിണറ്റിനരികിൽ - കിനിഞ്ഞിറങ്ങുന്നതിന് സൗകര്യപ്പെടുത്തുക, മേൽക്കൂരയിലെ

മഴവെള്ളം കിണർ റീചാർജ്ജിംഗ് പിറ്റിലേക്ക് എത്തിക്കുക (ഫിൽറ്റർ മാറ്റി നൽകാം), ബാത്ത് റൂമിൽ നിന്നും പുറത്തു കളയുന്ന മലിനജലം റീ സൈക്കിൾ ചെയ്യുന്നതിനുള്ള സംവിധാനംഏർപ്പെടുത്തി മറ്റ് ആവശ്യങ്ങൾക്ക് വിനിയോഗിക്കുക, ഊർജ്ജ സംരക്ഷണം, വീട്ടുവളപ്പിലെ എല്ലാ മാലിന്യങ്ങളും പരിസ്ഥിതി സൗഹൃദമായി ജൈവവളമാക്കുക, വളക്കുഴി നിർമ്മിക്കുക, ഖരമാലിന്യങ്ങളും പ്ലാസ്റ്റിക് മാലിന്യങ്ങളും ശേഖരിച്ച് തരംതിരിച്ച് സൂക്ഷിക്കുക, , വീട്ടുവളപ്പ് മേൽപ്പറഞ്ഞതുൾപ്പെടെയുള്ള രീതികൾക്കനുയോജ്യമായി ആസൂത്രണം ചെയ്ത് നടപ്പാക്കാൻ സന്നദ്ധരാകുന്നവർക്ക് സാദ്ധ്യമായ സഹായങ്ങൾ ലഭ്യമാക്കുക. (Homestead Farm Plan), നടപ്പാക്കുന്ന മുറയ്ക്ക് തദ്ദേശഭരണസ്ഥാപനതല മിഷൻ ടീം പരിശോധിച്ച് ഉപദേശ നിർദ്ദേശങ്ങൾ നൽകി ചെയ്ത പ്രവർത്തനങ്ങൾക്കനുസൃതമായി വിവിധ സബ്സിഡികൾ, പ്രത്യേകമായി പറഞ്ഞിട്ടുള്ളവയ്ക്ക് അതും, അതിലുപരിയായ പ്രവർത്തനങ്ങൾക്ക് ഇതിൽ നിർദ്ദേശിക്കുന്ന സബ്സിഡിയും നൽകുക. • Beneficiary Enrolment Form:_വീട്ടുവളപ്പിൽ പരിസ്ഥിതി സൗഹൃദമായി ചെയ്യാൻ കഴിയുന്ന കൃഷി,മൃഗസംരക്ഷണം,ക്ഷീരവികസനം, ജലവിഭവസംരക്ഷണം, മാലിന്യസംസ്കരണം,ഊർജ്ജ സംരക്ഷണം, ഭക്ഷ്യസുരക്ഷയുമായി ബന്ധപ്പെട്ട പ്രവർത്തികളുടെ ഒരു പട്ടിക ഗുണഭോക്താവിന് നൽകി അടുത്ത നാലുവർഷങ്ങളിലായി ഗുണഭോക്താവിന് നടപ്പാക്കാൻ കഴിയുന്ന പ്രവർത്തനങ്ങൾ രേഖപ്പെടുത്തി വാങ്ങുക. ഗുണഭോക്താക്കൾക്ക് ബോധവൽക്കരണ ക്ലാസ്സുകളും പരിശീലനവും നൽകി ഏകീകൃതരീതി രൂപപ്പെടുത്തുക തുടങ്ങിയവയാണ് പദ്ധതിയുടെ വിശദാംശങ്ങൾ

പദ്ധതി പ്രകാരം സബ്സിഡി അനുവദിച്ചത് താഴെ പറയുന്ന 3 ഗുണഭോക്താക്കൾക്കാണ്

| ഗുണഭോക്താവിന്റെ പേര് | നടത്തിയ പ്രവൃത്തി | ചെലവഴിച്ച തുക | അനുവദിച്ച സബ്സിഡി | ആകെ അനുവദിച്ച ധനസഹായം |
|---|---|---|---|---|
| റജീന കാലായിൽ അടക്കാത്തോട് | പൂച്ചട്ടി 50 വാങ്ങിച്ചു | 10400 | 5000 | 5000 |
| അബ്രഹാം തടത്തിൽ കേളകം | പൂച്ചട്ടി 50 വാങ്ങിച്ചു<br>കമ്പോസ്റ്റ് പിറ്റ് നിർമ്മാണം<br>റെയിൻ വാട്ടർ ഹാർവെസ്റ്റിംഗ് സിസ്റ്റം | 10000<br>15000<br>15000 | 5000<br>7500<br>7500 | 20000 |
| ഷിജി ബിജു കൊന്നനിൽക്കുന്നതിൽ | പൂച്ചട്ടി 50 വാങ്ങിച്ചു | 10400 | 5000 | 5000 |

അബ്രഹാം തടത്തിൽ കേളകം എന്ന ഗുണഭോക്താവ് മാത്രം പദ്ധതി വിഭാവനം ചെയ്ത പ്രകാരമുള്ള വിവിധ പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട് . ബാക്കി 2 ഗുണഭോക്താക്കൾ പൂച്ചട്ടി, വിത്ത് വളം , പണിക്കൂലി എന്നിവ വാങ്ങിച്ചതിന്റെ/ചെലവഴിച്ചതിന്റെ വൗച്ചറുകൾ ഹാജരാക്കിയിട്ടുണ്ട്. ഈ പൂച്ചട്ടികൾ ഗുണഭോക്താക്കൾ പച്ചക്കറി കൃഷിക്ക് തന്നെ ഉപയോഗിച്ചോ എന്നത് നിർവ്വഹണ ഉദ്യോഗസ്ഥ ഉറപ്പുവരുത്തിയിട്ടില്ല. പദ്ധതിയുടെ വിശദമായ മോണിറ്ററിംഗ് റിപ്പോർട്ട്, പദ്ധതി പൂർത്തീകരണ സാക്ഷ്യ പത്രം എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. നവകേരള കർമ്മ പദ്ധതിയുടെ ഭാഗമായി ജൈവ കൃഷിരീതിക്ക് പ്രാധാന്യം കൊടുത്തുകൊണ്ടുള്ള കൃഷി വികസനം എന്ന ലക്ഷ്യം കൈവരിക്കുന്നതിനായുള്ള പ്രവർത്തനങ്ങൾ നടത്തിയതായി കാണുന്നില്ല. കൃഷിയുമായി ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പ് ഈ വിഷയത്തിൽ ആവശ്യമായ പ്രവർത്തനം നടത്തിയതായി കാണുന്നില്ല. ഗ്രാമ പഞ്ചായത്തിലെ കാർഷിക മേഖലയിലെ പ്രശ്നങ്ങളെക്കുറിച്ചും, സാധ്യതകളെക്കുറിച്ചും പഠിച്ച് വിശദമായ സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കാനും, പുതിയ വിവരങ്ങൾ ഉൾപ്പെടുത്തി റിപ്പോർട്ട് പുതുക്കുന്നതിനും ആവശ്യമായ പ്രവർത്തനങ്ങൾ വർക്കിംഗ് ഗ്രൂപ്പ് തലത്തിൽ നടത്തിയിട്ടില്ല.
പദ്ധതികളുടെ മോണിറ്ററിങ്ങ് കുറെക്കൂടി ഫലപ്രദമാക്കേണ്ടതുണ്ട്. ഇക്കാര്യം ശ്രദ്ധിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

### 4-1 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നംപർ, തീയതി |
|---|---|---|
| 2019-20 | 22.03.2021 , 23.3.2021 | കെ.എസ്.എ. കെ.എൻ.ആർ. സി-11/436/2021 തിയ്യതി-25.05.2021 |

### 4-2 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

സംയുക്തപദ്ധതികൾ (ജോയിന്റ് വെഞ്ച്വർ )

| സ്ഥാപനം | വർഷം | ലഭിച്ച തുക | പ്രോജക്ട് നം.,പേര് | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ബ്ളോക്ക് പഞ്ചായത്ത് | 2019-20 | 12,00,000 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി | 11,99,998 | 2 |
| “ | | 1,50,000 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് | 1,50,000 | 0 |
| “ | | 2,00,000 | ലൈഫ് മിഷൻ-ഭവന പദ്ധതി | 1,00,000 | 1,00,000 |
| “ | | 75,000 | ഏഴാം ക്ലാസു വരെ ഹൈടെക് ക്ലാസുകൾ | 0 | 75,000 |
| “ | | 25,000 | കണ്ണൂർ ഗെയിം ഫെസ്റ്റ് | 0 | 25,000 |
| “ | | 1,00,000 | ഒന്നാം ക്ലാസ് ഒന്നാം തരം | 1,00,000 | 0 |
| “ | | 2,00,000 | ലൈഫ് മിഷൻ-ഭവന പദ്ധതി-പട്ടികവർഗം | 2,00,000 | 0 |
| “ | | 6,93,201 | കുണ്ടേരി അംഗൻവാടിക്ക് തൊഴിലുറപ്പ് പദ്ധതി മുഖേനയുള്ള കെട്ടിട നിർമാണം | 0 | 6,93,201 |

| | | | | | |
|---|---|---|---|---|---|
| “ | | 1,50,000 | കോക്ലിയർ ഇംപ്ലാന്റുകളുടെ മെയിന്റനൻസിനുള്ള വിഹിതം | 1,00,000 | 50,000 |
| ജില്ലാ പഞ്ചായത്ത് | 2019-20 | 12,00,000 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി | 34,959 | 11,65,041 |
| “ | | 2,50,000 | പാലിയേറ്റീവ് ഹോംകെയർ | 1,77,400 | 72,600 |
| “ | | 1,50,000 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് | 1,50,000 | 0 |
| “ | | 30,00,000 | ലൈഫ് മിഷൻ-ഭവന പദ്ധതി | 6,00,000 | 24,00,000 |
| “ | | 1,50,000 | കേളകം ബസ്റ്റാന്റിൽ പൊതു ശൗചാലയ സമുച്ചയം | 0 | 1,50,000 |
| “ | | 25,000 | സംയോജിത കൃഷി പ്രോത്സാഹനം | 0 | 25,000 |
| “ | | 75,000 | ഏഴാം ക്ലാസു വരെ ഹൈടെക് ക്ലാസുകൾ | 0 | 75,000 |
| “ | | 25,000 | കണ്ണൂർ ഗെയിം ഫെസ്റ്റ് | 0 | 25,000 |
| “ | | 5,00,000 | പൂക്കുണ്ട് കോളനി കുടിവെള്ള പദ്ധതി | 76,280 | 4,23,720 |
| “ | | 5,00,000 | നരിക്കടവ് കോളനി കുടിവെള്ള പദ്ധതി | 4,27,845 | 72,155 |
| “ | | 50,000 | തരിശു രഹിത ജില്ലാ പച്ചക്കറി കൃഷി | 0 | 50,000 |
| “ | | 29,94,400 | ലൈഫ് മിഷൻ-ഭവന പദ്ധതി-പട്ടികവർഗം | 9,01,937 | 20,92,463 |

## 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| ക്രമ നംപർ | നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ/ചെക്ക് നമ്പർ | മുൻകൂർ നല്കിയ തുക | വിനിയോഗ സാക്ഷ്യപത്ര പ്രകാരം ചെലവ് | ബാക്കി തുക |
|---|---|---|---|---|---|---|
| 1 | കെ.എസ്. ഇ.ബി. | സ്ട്രീറ്റ് മെയിൻ വലിക്കൽ | ലഭ്യമല്ല | 8,80,000/- | ലഭ്യമല്ല. | 8,80,000/- |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് അനുവദിച്ചതിന്റെ വിവരം

ഇല്ല

## 4-5 വായ്പ/വായ്പാ തിരിച്ചടവ്

| വായ്പയുടെ പേര്/ ഉദ്ദേശ്യം/ | ഉത്തരവ് നമ്പർ | വായ്പാ തുക | വർഷാരംഭത്തിൽ തിരിച്ചടക്കാനുള്ള മുൻബാക്കി | തൻവർഷം അടച്ചത് | | വർഷാവസാന ബാക്കി |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ്. ഭവന പദ്ധതി | സ.ഉ.(സാ) നം.274/2010 Dt.27.01.2010 | | 95 | -- | -- | 95 |
| ലൈഫ് മിഷൻ പദ്ധതി (ഹഡ്കോ) | ജി.ഒ.(എം.എസ്) നം.68/2018 Dated 18.5.2018 | 536440+ 5720000 | 5720000 | 382354 | -- | 5874086 |

## 4-6 സ്ഥിര നിക്ഷേപം

ഇല്ല

## 4-7 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറി ഇനത്തിൽ 2019-20വർഷം ലഭ്യമായ 40,594/-രൂപയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം / ഖണ്ഡിക | ഈടാക്കിയ തുക ₹ | ഒടുക്കിയ ആളുടെ പേര്, ഉദ്യോഗപ്പേര് | രശീത് നമ്പർ തീയ്യതി |
|---|---|---|---|---|
| 2016-17 | 2-1(5) | 3750 | ജോയ്.ഇ.എം | 119030100333/ 7.05.2019 |
| 2016-17 | 2-1(5) | 250 | ഷീജ.കെ.ബി | 119030100333/ 7.05.2019 |
| 2006-07 | 3-4(1) | 576 | പോൾ കണ്ണന്താനം | 119030100526/ 25.05.2019 |
| 2006-07 | 3-4(2) | 641 | പോൾ കണ്ണന്താനം | 119030100527/ 25.05.2019 |
| 2006-07 | 3-4(3) | 601 | ജെയിംസ് കണ്ണന്താനം | 119030100528/ 25.05.2019 |
| 2006-07 | 3-4(4) | 520 | ജോസഫ് വേളപ്പുഴക്കൽ | 119030100529/ 25.05.2019 |
| 2006-07 | 3-4(5) | 408 | തോമസ് കണ്ണന്താനം | 119030100530/ 25.05.2019 |
| 2009-10, 2010-11 | 2-1 | 420 | ജോസ് ചീരംവേലിൽ | 119030100531/ 25.05.2019 |
| 2009-10, 2010-11 | 2-1 | 306 | വെളിയത്ത് സുനിൽ | 119030100532/ 25.05.2019 |
| 2009-10, 2010-11 | 2-1 | 330 | പള്ളിപ്പറമ്പിൽ ജോസഫ് | 119030100533/ 25.05.2019 |
| 2009-10, 2010-11 | 2-1 | 140 | പാണ്ടഞ്ചേരി ഐസക് | 119030100534/ 25.05.2019 |
| 2009-10, | 2-1 | 348 | ചാമക്കാട്ട് ബാബു | 119030100536/ |

| | | | | |
|---|---|---|---|---|
| 2010-11 | | | | 25.05.2019 |
| 2009-10, 2010-11 | 2-1 | 452 | പരത്തനാൽ ജോസ് | 119030100535/ 25.05.2019 |
| 2009-10, 2010-11 | 2-1 | 604 | ഐസക് പുളിക്കൽ | 119030100537/ 25.05.2019 |
| 2009-10, 2010-11 | 2-1 | 348 | മേരി പുത്തൻകുടിയിൽ | 119030100538/ 25.05.2019 |
| 1998-99 | 31 | 279 | സെക്രട്ടറി | 119030100540/ 25.05.2019 |
| 1998-99 | 29 | 50 | സെക്രട്ടറി | 119030100541/ 25.05.2019 |
| 1997-98 | 27 A(2) | 250 | സെക്രട്ടറി | 119030100548/ 25.05.2019 |
| 1997-98 | 31(4) | 45 | സെക്രട്ടറി | 119030100549/ 25.05.2019 |
| 2007-08 | 2-1(2) | 200 | സെക്രട്ടറി | 119030100550/ 25.05.2019 |
| 2007-08 | 3-4 | 389 | സെക്രട്ടറി | 119030100551/ 25.05.2019 |
| 2009-10, 2010-11 | 3-2 | 1160 | ഷിബി ആന്റണി | 119030100913/ 06.07.2019 |
| 2009-10, 2010-11 | 3-1 | 400 | സാദിഖ് | 119030100916/ 06.07.2019 |
| 2017-18 | 2-2(3) | 4375 | സജ്ജനാഥ് | 119030100993/ 15.07.2019 |
| 2017-18 | 2-2(1) | 100 | ജയകുമാർ.എ.ടി | 119030101112/ 01.08.2019 |
| 2017-18 | 2-2(1) | 100 | ടി.നാരായണൻ | 119030101115/ 01.08.2019 |
| 2013-14 | 3-3 | 70 | മെഡിക്കൽ ഓഫീസർ,PHC | 119030101205/ 13.08.2019 |
| 2012-13 | 3-15 | 80 | സെക്രട്ടറി | 119030101210/ 13.08.2019 |
| 2012-13 | 3-20,3-21,3-37 | 436 | സെക്രട്ടറി | 119030101211/ 13.08.2019 |
| 2005-06 | 3-4(1) | 701 | തോമസ് കണ്ണന്താനം | 119030101243/ 16.08.2019 |
| 2005-06 | 3-4(2) | 653 | തോമസ് കണ്ണന്താനം | 119030101248/ 16.08.2019 |
| 2005-06 | 3-4(3) | 1466 | തോമസ് കണ്ണന്താനം | 119030101249/ 16.08.2019 |
| 2005-06 | 3-4(4) | 703 | ജോസഫ് വേളൂപുഴക്കൽ | 119030101250/ 16.08.2019 |

| | | | | |
|---|---|---|---|---|
| 2005-06 | 3-4(5) | 709 | ജോസഫ് വേളൂപുഴക്കൽ | 119030101250/ 16.08.2019 |
| 2005-06 | 3-4(6) | 686 | തോമസ് കണ്ണന്താനം | 119030101253/ 16.08.2019 |
| 2005-06 | 3-4(7) | 727 | ജോസഫ് വേളൂപുഴക്കൽ | 119030101252/ 16.08.2019 |
| 2005-06 | 3-4(8) | 1131 | പോൾ കണ്ണന്താനം | 119030101253/ 16.08.2019 |
| 2017-18 | 2-2(1) | 100 | ജോർജ്ജ കുട്ടി | 119030101246/ 16.08.2019 |
| 2017-18 | 2-2(1) | 100 | ആന്റണി പുള്ളിയിൽ | 119030101416/ 04.09.2019 |
| 2017-18 | 2-2(1) | 100 | പി.ജെ.വിൻസെന്റ് | 119030101422/ 04.09.2019 |
| 2016-17 | 2-2(6) | 360 | പ്രോവിഡൻസ് എൽ.പി.സ്കൂൾ, വെള്ളൂന്നി | 119030103206/ 9.12.2019 |
| 2015-16 | 2-2-(9) | 1250 | കെ.എസ്.എഫ്.ഇ, കേളകം | 1190301013504/ 09.12.2019 |
| 2015-16 | 2-2((9) | 1250 | സെക്രട്ടറി,ക്ഷീരോൽപാദക സഹകരണ സംഘം | 119030104088/ 06.01.2020 |
| 2015-16 | 2-2(9) | 600 | സെക്രട്ടറി,ക്ഷീരോൽപാദക സഹകരണ സംഘം | 119030105301/ 06.01.2020 |
| 2015-16 | 2-2 | 1250 | മാനേജർ,കൊട്ടിയൂർ മെറ്റൽസ് | 119030104619/ 22.01.2020 |
| 2013-14 | 2-1,3-7 | 1500 | ഡോ.ഡാനിയേൽ കൊല്ലറത്ത് | 119030104654/ 06.01.2020 |
| 2016-17 | 2-4 | 200 | ഇസ്മായിൽ പുതുപ്പറമ്പിൽ | 119030104926/ 30.01.2020 |
| 2016-17 | 2-2(1) | 1250 | മാനേജർ,കള്ള്ഷാപ്പ്, കേളകം | 119030105396/ 24.02.2020 |
| 2016-17 | 2-2(1) | 480 | മാനേജർ,കള്ള്ഷാപ്പ്, കേളകം | 119030105397/ 24.02.2020 |
| 2015-16 | 2-2 | 1250 | സിയാദ്.കെ.സി | 119030105639/ 9.3.2020 |
| 2009-10, 2010-11 | 2-5 | 6500 | സെക്രട്ടറി, കേളകം സർവീസ് കോ-ഓപ്പറേറ്റീവ് ബേങ്ക് | 119030105721/ 13.03.2020 |
| ആകെ | | 40,594/- | | |

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23 വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിവരം

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| | | വർഷം | | | |
| 1999-00 | 10 | 2003-04 | . | കാർഷികോപകരണ വിതരണം | നില നിൽക്കുന്നു. |
| 1999-00 | 12 | 2003-14 | 2-അനുബന്ധം 5 | കശുമാവ് വികസന പദ്ധതി | “ |
| 2014-15 | 2-1 | 2016-17 | 2 | തൊഴിൽ നികുതി | “ |
| 2015-16 | 2-2 | 2016-17 | 2 | തൊഴിൽ നികുതി | “ |

## 4-9 ചാർജ്/സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 49941198 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 47411700 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 11,43,996 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഖണ്ഡിക 1-12-2

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-16 | 1,25,000 | ഡോ.സുബിത്.കെ,മെഡിക്കൽ ഓഫീസർ(പി.എച്ച്.സി) |
| 1-17 | 18,996 | ഡോ.സുബിത്.കെ,മെഡിക്കൽ ഓഫീസർ,(പി.എച്ച്.സി) |
| 1-18 | 10,00000 | ശ്രീ.മണി.പി.കെ,ഹെഡ്മാസ്റ്റർ |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ഡോ.സുബിത്.കെ. | മെഡി.ഓഫീസർ | സൗപർണ്ണിക, |

| | | |
|---|---|---|
| മെഡി.ഓഫീസർ | (പി.എച്ച്.സി) കേളകം ഗ്രാമപഞ്ചായത്ത് | കല്ലാച്ചി, നാദാപുരം |
| ശ്രീ.മണി.പി.കെ, ഹെഡ്മാസ്റ്റർ(റിട്ട) | വിരമിച്ച | പൈലിപ്പറമ്പിൽ, പി.ഒ-മണത്തണ |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1997-98 | നം.കെഎസ്എ/കെ.എൻ.ആർ/ സി11/934/2019 തീയതി03.09.2019 | 5 |
| 1998-99 | നം.കെഎസ്എ/കെ.എൻ.ആർ/ സി11/934/2019 തീയതി03.09.2019 | 5 |
| 1999-00 (പദ്ധതിച്ചെലവ്) | നം.കെഎസ്എ/കെ.എൻ.ആർ/ സി11/934/2019 തീയതി03.09.2019 | 9 |
| 1999-00 തനത് ഫണ്ട്) | നം.കെഎസ്എ/കെ.എൻ.ആർ/ സി11/934/2019 തീയതി03.09.2019 | 7 |
| 2000-01 (പദ്ധതിചെലവ്) | നം.കെഎസ്എ/കെ.എൻ.ആർ/ സി.11/934/2019 തീയതി03.09.2019 | 3 |
| 2000-01 (തനത് ഫണ്ട്) | നം.കെഎസ്എ/കെ.എൻ.ആർ/ സി11/934/2019 തീയതി03.09.2019 | 1 |
| 2001-02 (പദ്ധതിചെലവ്) | നം.കെഎസ്എ/കെ.എൻ.ആർ/ സി11./934/2019 തീയതി03.09.2019 | 1 |
| 2001-02 (തനത് ഫണ്ട്) | നം.കെഎസ്എ/കെ.എൻ.ആർ/ സി.11./934/2019 തീയതി03.09.2019 | 4 |
| 2003-04 | നം.കെഎസ്എ/കെ.എൻ.ആർ/ സി.11/934/2019 തീയതി03.09.2019 | 7 |
| 2004-05 | നം.കെഎസ്എ/കെ.എൻ.ആർ/ സി.11/934/2019 തീയതി03.09.2019 | 1 |
| 2005-06 | നം.കെഎസ്എ/കെ.എൻ.ആർ/ സി.11/934/2019 തീയതി03.09.2019 | 8 |
| 2006-07 | നം.കെഎസ്എ/കെ.എൻ.ആർ/ സി.11/934/2019 തീയതി03.09.2019 | 3 |
| 2007-08 | നം.കെഎസ്എ/കെ.എൻ.ആർ/ സി.11/934/2019 തീയതി03.09.2019 | 1 |
| 2008-09 | നം.കെഎസ്എ/കെ.എൻ.ആർ/ സി.11/934/2019 തീയതി03.09.2019 | 5 |
| 2009-10 ,2010-11 | നം.കെഎസ്എ/കെ.എൻ.ആർ/ സി.11/934/2019 തീയതി03.09.2019 | 17 |
| 2011-12,2012-13 | നം.കെഎസ്എ/കെ.എൻ.ആർ/ സി.11/934/2019 തീയതി03.09.2019 | 17 |
| 2013-14,2014-15 | നം.കെഎസ്എ/കെ.എൻ.ആർ/ സി.11/934/2019 തീയതി03.09.2019 | 8 |
| 2015-16 | നം.കെഎസ്എ/കെ.എൻ.ആർ/ | 4 |

| | | |
|---|---|---|
| | സി.11/934/2019 തീയതി03.09.2019 | |
| 2016-17 | നം.കെഎസ്എ/കെ.എൻ.ആർ/ സി.11/934/2019 തീയതി03.09.2019 | 6 |
| 2017-18 | നം.കെഎസ്എ/കെ.എൻ.ആർ/ സി.11/934/2019 തീയതി03.09.2019 | 21 |
| 2018-19 | കെ.എസ്.എ-/കെ.എൻ.ആർ-സി-11/107/20 തീയതി 01-02-21 | 14 |

ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ.),
ജില്ലാ ഓഡിറ്റ് കാര്യാലയം,കണ്ണൂർ.

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കണ്ണൂർ ജില്ലയിലെ കേളകം ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കണ്ണൂർ ജില്ലയിലെ കേളകം ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ<br>
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ,<br>
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

Annex3-1

റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്

| | | | |
|---|---|---|---|
| Kelakam Grama Panchayat RECEIPT & PAYMENT STATEMENT | | | |
| For the period from 01-April-2019 to 31-March-2020 | | | |
| Code.No | Description of Items | Schedule No | Amount |
| | RECEIPTS | | |
| | Opening Balance | | |
| Bank | Bank | RP-40(a) | 13053444.00 |
| Cash | Cash | RP-40(a) | 172228.00 |
| | Operating | | |
| 110000000 | Tax Revenue | RP-1 | 867370.00 |
| 130000000 | Rental income from Panchayat Properties | RP-3 | 6000.00 |
| 140000000 | Fees & User Charges | RP-4 | 1181878.00 |
| 150000000 | Sale & Hire Charges | RP-5 | 122022.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 35370272.00 |
| 171000000 | Interest Earned | RP-9 | 420714.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 5817075.00 |
| 340000000 | Deposits Received | RP-34 | 3000.00 |
| 350000000 | Other Liabilities | RP-36 | 132000.00 |
| | Non Operating | | |
| 180000000 | Other Income | RP-10 | 26116.00 |
| 311000000 | Earmarked Funds | RP-29 | 8507.00 |
| 330000000 | Secured Loans | RP-32 | 536440.00 |
| 340000000 | Deposits Received | RP-34 | 407908.00 |
| 350000000 | Other Liabilities | RP-36 | 356895.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 4667001.00 |
| 460000000 | Loans, Advances and Deposits | RP-47 | 18000.00 |
| | Grand total | | 63166870.00 |
| | PAYMENTS | | |
| | Operating | | |
| 210000000 | Establishment Expenses | RP-11 | 2876946.00 |
| 220000000 | Administrative Expenses | RP-12 | 802726.00 |
| 230000000 | Operations & Maintenance | RP-13 | 1330777.00 |
| 250000000 | Decentralised Plan Programme- Productive Sector | RP-15 | 2115168.00 |
| 251000000 | Decentralised Plan Programme- Service Sector | RP-16 | 13554424.00 |
| 252000000 | Decentralised Plan Programme- Infrastructure Sector | RP-17 | 402198.00 |
| 253000000 | Decentralised Plan Programme- Projects not included in | RP-18 | 1710688.00 |
| | Sector Division | | |
| | | | |

| | | | |
|---|---|---|---|
| 254000000 | Expenditures of Transferred institutions and State Sponsored Schemes | RP-19 | 559360.00 |
| 255000000 | Maintenance Projects | RP-20 | 4014324.00 |
| 256000000 | Other Revenue Grants and Funds - Revenue Expenses | RP-21 | 88658.00 |
| 260000000 | Grants, Contributions and Compensations from Own Fund | RP-22 | 25000.00 |
| 280000000 | Prior Period item | RP-26 | 62100.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 18158.00 |
| 350000000 | Other Liabilities | RP-36 | 5710938.00 |
| | Non Operating | | |
| 240000000 | Interest & Finance Charges | RP-14 | 11407.00 |
| 280000000 | Prior Period Item | RP-26 | -13200.00 |
| 340000000 | Deposits Received | RP-34 | 603773.00 |
| 350000000 | Other Liabilities | RP-36 | 2284829.00 |
| 410000000 | Fixed Assets | RP-38 | 9923926.00 |
| 412000000 | Capital work in Progress | RP-40 | 347625.00 |
| 430000000 | Stock-in-hand | RP-42 | 7080.00 |
| 460000000 | Loans, Advances and Deposits | RP-47 | 974795.00 |
| | Closing Balance | | |
| Bank | Bank | RP-40(b) | 15703396.00 |
| Cash | Cash | RP-40(b) | 51774.00 |
| | Grand Total | | 63166870.00 |

## Annex3-2

## ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്

| Kelakam Grama Panchayat INCOME & EXPENDITURE STATEMENT | | | |
|---|---|---|---|
| For the period from 01-April-2019 to 31-March-2020 | | | |
| Code.No | Description of Items | Schedule No | Amount |
| | INCOME | | |
| 110000000 | Tax Revenue | I-1 | 4584380.00 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 752287.00 |
| 140000000 | Fee & User Charges | I-4(b) | 1614516.00 |
| 150000000 | Sale & Hire Charges | I-5(b) | 122622.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 67787285.00 |
| 171000000 | Interest Earned | I-8 | 420714.00 |
| 180000000 | Other Income | I-9 | 223370.00 |
| | Total Income | | 75505174.00 |
| | EXPENDITURE | | |

| | | | |
|---|---|---|---|
| 210000000 | Establishment Expenses | I-10(b) | 9232458.00 |
| 220000000 | Administrative Expenses | I-11(b) | 802726.00 |
| 230000000 | Operations & Maintenance | I-12(b) | 1702777.00 |
| 240000000 | Interest & Finance Charges | I-13 | 11407.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 2115168.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 36733497.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(b) | 448698.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(c) | 1710688.00 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(d) | 9206860.00 |
| 255000000 | Maintenance Projects | I-14(e) | 4014324.00 |
| 256000000 | Other Revenue Grants and Funds - Revenue Expenses | I-15(a) | 88658.00 |
| 260000000 | Grants, Contributions & Compensation from Own Fund / Subsidies | I-15 | 25000.00 |
| 272000000 | Depreciation | I-17(a) | 8085429.00 |
| | Total Expenditure | | 74177690.00 |
| | Gross Surplus/ Deficit of income over Expenditure | | 1327484.00 |
| 280000000 | Prior Period Item | I-18 | 459650.00 |
| | Gross Surplus/Deficit of Income over Expenditure after prior period items. | | 867834.00 |
| 290000000 | Transfer to Reserve Funds | I-18(a) | 0.0 |

## Annex3-3

## ബാലൻസ് ഷീറ്റ്

| Kelakam Grama Panchayat BALANCE SHEET | | | |
|---|---|---|---|
| As on 31-March-2020 | | | |
| Code.No | Description of Items | Schedule No | Amount |
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat / Municipal Fund | B-1 | -10894892.00 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 18704.00 |
| 312000000 | Reserves | B-3 | 73451771.00 |
| | Total Reserve & Surplus | | 62575583.00 |
| | Grants, Contributions for Specific Purposes | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 5351252.00 |
| | Total Grants, Contributions for Specific Purposes | | 5351252.00 |
| | Loans | | |
| 330000000 | Secured Loans | B-5 | 5874181.00 |

| | | | |
|---|---|---|---|
| | Total Loans | | 5874181.00 |
| | Current Liabilities & Provisions | | |
| 340000000 | Deposits Received | B-7 | 1094776.00 |
| 341000000 | Deposits Works | B-8 | 6500.00 |
| 350000000 | Other Liabilities | B-9 | 1062834.00 |
| | Total Current Liabilities and Provisions | | 2164110.00 |
| | TOTAL LIABILITIES | | 75965126.00 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 104173929.00 |
| 411000000 | Accumulated Depreciation | B-11 | -45860795.00 |
| 412000000 | Capital Work in Progress | B-11(a) | 1650081.00 |
| | Total Fixed Assets | | 59963215.00 |
| | Investments | | |
| | Current Assets, Loans and Advances | | |
| 430000000 | Stock-in-hand | B-14 | 8250.00 |
| 431000000 | Sundry Debtors (Receivables) | B-15 | 17520.00 |
| 440000000 | Pre-paid Expenses | B-16 | 95.00 |
| 450000000 | Cash and Bank Balance | B-17 | 15755170.00 |
| 460000000 | Loans, Advances and Deposits | B-18 | 220876.00 |
| | | | |

| | |
|---|---|
| Total Current Assets, Loans and Advances | 16001911.00 |
| Other Assets | |
| Miscellaneous Expenditure (To the Extent not written off) | |
| TOTAL ASSETS | 75965126.00 |

ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ.)
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.